[Dr. S. John.]

rupee in the shops for the medicines for which ordinarly only four chuckarams are levied in the hospitals. The aim of that small fee is that man who gets medicines should know that it has got some value.

Then about grant-in-aid hospitals. This government is paying nearly Rs. 50,000 as grant-in-aid to institutions which include the Leper Colonies at Puthincruz and Neyoor. There are 20 hospitals for which the Government give grant.

The motion, by leave, was withdrawn.

The question that Government be granted Rs. 19,01,510 under Demand XXIV—Medical—was put and carried.

The motion was passed and the grant was made.

DEMAND XXV—AYURVEDA.

MR. C. P. GOPALA PANICKER: Sir, I rise to move for a grant of Rs. 1,56,950 under Demand XXV—Ayurveda.

MR. T. T. KESAVAN SASTRI: Sir, I beg to move to reduce the allotment of Rs. 1,200 for travelling allowances by Re. 1 "to bring to the notice of Government the necessity for establishing a Vaidyasala at Sachivottamapuram."

MR. T. T. KESAVAN SASTRI: സചിവോത്തമപുരത്തെ ആയുർവേദവൈദ്യശാലക്കായും ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായിട്ടാണു ഞാൻ ഈ ഉപക്ഷേപം ഇങ്ങനെ അവതരിപ്പിക്കുവാൻ പ്രേരിതനായിട്ടുള്ളതു്. വൈദ്യശാല സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള പ്രാരംഭനടപടികൾ തുടങ്ങി വർഷങ്ങൾ രണ്ടു കഴിഞ്ഞു. സർ, സചിവോത്തമപുരവും പരിസരങ്ങളും ധാരാളം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഗ്രാമപ്രദേശങ്ങളാണ്.

PRESIDENT: Is the honourable member referring to the backward communities' colonies or the whole locality?

MR. T. T KESAVA SASTRI: Locality.

ഇവിടെ ധനവാന്മാരുടെ പത്തിരുട്ടി ക്രൂചിവേലക്കാരും സാധാരണക്കാരുമായ ജനസഞ്ചയമാണു അധിവസിക്കുന്നതു്. ഇവർ വൈദ്യസഹായത്തിനായി ഗവണ്മെൻറു സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിയിരുന്നതു ചങ്ങനാശേരിയിലോ കോട്ടയത്തോ ആയിരുന്നു. ആശുപത്രികളിൽ പോകാനും മരുന്നുകൾ വാങ്ങാനും ജനങ്ങൾ വളരെ പ്രയാസങ്ങൾ അനുഭവിക്കുകയായിരുന്നു.

MR. K. A MATHEW: സചിവോത്തമപുരം ഏവിടെയാണെന്നു പറയാൻ മയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. T. T. KESAVAN SASTRI : പറയാം. കൊട്ടാരക്കര-കോട്ടയം എം. സി. റോഡിൽ നിന്ന് 0-ാം മൈലിൽ, അതായത് ചങ്ങനാശേരിക്കും കോട്ടയത്തിനും മദ്ധ്യത്തിൽ. സർ, ഇപ്പോൾ ഇംഗ്ലീഷ് ചികിത്സാ സൌകര്യത്തിനു ഒരു ഡിസ്പെൻസറി കിട്ടിയിട്ടുണ്ട്. സ്ഥലത്തെ ഒരു ധനവാനും മാന്യനുമായ മി. കേളച്ചന്ദ്ര കെ. റവി. താമസ് സ്വന്തമായി പണി ചെയ്യിച്ച് ഡിപ്പാർട്ടുമെന്റിനെ ഏല്പിച്ചു, സചിവോത്തമ ഡിസ്പെൻസറിയുടെ, ഉൽഘാടനം ഒരു വലിയ പുരുഷാരത്തിന്റെ സാന്നിദ്ധ്യത്തിൽ, സർജൻ ജനറൽ, ഇടവമാസം 6 ൽ-ാംനു- നിർവ്വഹിച്ചിട്ടുണ്ട്. ഒരുമാസത്തിനിടയിൽ ഏകദേശം 0 രോഗികൾക്കു ആ ഡിസ്പെൻസറിയിൽനിന്നു മരുന്നു നൽകിയിട്ടുണ്ടെന്നുള്ളതുകൊണ്ടുതന്നെ വൈദ്യസഹായത്തിന്റെ അത്യാവശ്യം വെളിവാകുന്നതാണല്ലോ. ഈ ഡിസ്പെൻസറിയിൽ നീലംപേരൂർ മുതലായ ജലപ്രദേശവാസികളും സമീപപ്രദേശവാസികളും ധാരാളമായി വന്നു മരുന്നു വാങ്ങുന്നുണ്ടെന്നുള്ള വിവരം എനിക്കു നേരിട്ടറിയാം. ഈ ഡിസ്പെൻസറിയുടെ സഹായമിരിക്കെ ഒരു ആയുർവ്വേദ വൈദ്യശാലയുടെ ആവശ്യമുണ്ടോ എന്നു സംശയിച്ചേക്കാം. എന്നാൽ ചികിത്സാസംപ്രദായങ്ങളും രണ്ടും രണ്ടാകയാൽ ആവശ്യം തന്നെയാണ്. സർ, ഇവിടെ അഞ്ചു ചതുരശ്രമൈലിനുള്ളിലുള്ള സ്ഥലങ്ങളെ പൊതുവെ സചിവോത്തമപുരം എന്ന പേരിനാലാണു വ്യവഹരിച്ചുപോരുന്നതു്. അഞ്ചലാഫിസ്, പോലീസ് സ്റ്റേഷൻ, ഡിസ്പെൻസറി, ഗ്രാമോദ്ധാരണകേന്ദ്രം, സചിവോത്തമപുരം കാളനി ഇവയെല്ലാം, സചിവോത്തമപുരത്താണു സ്ഥിതിചെയ്യുന്നതു്. കാളനി ഒഴികെയുള്ള സ്ഥാപനങ്ങളെല്ലാം പൊതുജനങ്ങൾക്കു പൊതുവെ ഉപയോഗപ്രദമായിട്ടാണിരിക്കുന്നതു്. മലയാളം മിഡിൽസ്കൂൾ, ഇംഗ്ലീഷ് ഹൈസ്കൂൾ, സംസ്കൃതഹൈസ്കൂൾ, മലയാളം പ്രൈമറി സ്കൂളുകൾ, വ്യവസായശാലകൾ തുടങ്ങി വളരെ സ്ഥാപനങ്ങൾ ഇവിടെയുണ്ട്. കാർഷികപ്രാധാന്യമർഹിക്കുന്ന കുട്ടനാടിന്റെ ഒരംശമാണു പടിഞ്ഞാറുഭാഗം. ഇങ്ങനെ എല്ലാത്തരത്തിലും പ്രാധാന്യമുള്ള സചിവോത്തമപുരത്തു ഒരു വൈദ്യശാലയുടെയും മറ്റു് അത്യാവശ്യസ്ഥാപനങ്ങളുടെയും, ആവശ്യകതയുണ്ട്. ഗവണ്മെന്റുടയവായി ഇതിൽ ഉടനേ വേണ്ടതു ചെയ്യണമെന്നു് പ്രത്യേകമപേക്ഷിച്ചുകൊണ്ടു് ഉപക്ഷേപം ഇങ്ങനെ അവതരിപ്പിച്ചുകൊള്ളുന്നു.

PRESIDENT : The house will now adjourn and meet again at 3 o'clock.

The House adjourned for lunch at 2 p. m. and reassembled at 3 P. M. with Sachivottama Sir C. P. Ramaswami Aiyar, K. C. S. I. K. C. I. E., Dewan-President, in the Chair.

LIBRARY ARCHIVES Kerala Legislative Assembly

MR. M. K. CHANDRASEKHARA BHATTATHIRI: Sir, I wish to point out the necessity to effect a standardisation in the matter of the quality of the Ayurvedic Medicines. At present, there is no uniformity in the medicines prepared by the different ayurvedic institutions and the different vaidyans. The difficulty is that there is at present no devise to test the same nor is a standard kept as a model to be followed by the institutions. This difficulty has to be remedied. If the medicinal content of the different preparations made in the different institutions is being put to test, we shall come to know that there is astonishing difference in the proportion of the medicinal value of each preparation.

PRESIDENT: Will the European system of chemical or pharmaceutical analysis be accepted by the Ayurvedic experts?

MR. M. K. CHANDARARSEKHARA BHATTATHIRI: My point is that some device must be found out by due investigation and if necessary by doing research work. The real medicinal content of each Ayurvedic medicine, the due proportion of each medicine to be contained in it—all this should be investigated into. That is the point which I want to urge. One vaidyan may find it not convenient to include a particular herb in the preparation of one medicine which might happen to be one of the vital ingrediants in the constitution of that medicine and *prima face*, there could be no method by which it can be detected. Perhaps, it may cause great harm if that medicine is used without that particular ingredient. Therefore, it is essential to set up a standard in this respect. A competent person, who is having knowledge in Allopathic system as well as in Ayurvedic system and also having some training in doing research, should be deputed for the investigation of the methods by which a model standard can be kept up and to show how these medicines could be kept tested. All facilities may be given to him for working out these methods.

MR. P. S. GOPALA PILLAI: Sir, I beg to move motions 428, 429 and 432:

"To reduce the allotment of Rs. 21,399 for Direction by Re. 1, to discuss about the want of sufficient supervision of the institutions and medical preparations;

"To reduce the allotment of Rs. 42,543 for Grants by Rs. 2, to discuss about the drawbacks in the working of the present institutions receiving grants; and

"To reduce the total allotment of Rs. 1,56 850 under Demand XXV by Re. 1 to discuss about the general policy of the department."

Sir, first, I would bring to the notice of the Government that there should be proper supervision of the medical institutions and the medicinal preparations in them. That there may be an inspection of the.....

PRESIDENT: The honourable member may kindly speak up.

MR. P. S. GOPALA PILLAI: Sir, there may be an inspection of the grant-in-aid *vaidyasalas* once atleast in an year, but I think it is only an inspection of the records alone. The method and skill of treatment of the *vaidyans* are not at all tested and the inspecting authorities will be satisfied by going through the records which [illegible]

LIBRARY ARCHIVES Kerala Legislative Assembly

times fictitious names of persions and medicines. Though the Government have enacted for the registration of Medical Practitioners, I think it is highly necessary to have some missionaries to check or control the preparation of the medicines also. As one and the same kind of medicine is sold at different prices at different places, there must be some tactics somewhere.

For example, the familiar Ayurvedic tonic, *Dashmularishtam*, is sold by some for Rs. 4 at one place, while in some other places, the same is sold for Rs. 2 or even less. That there might be some dispartity of prices due to the special circumstances in getting medicines may be conceded. But, such vast differences in the prices surely show that there is some tactics played somewhere. I concede that the Departmet cannot control all this but at the same time, if the supervising authority tries it may not be impossible for them to check the medicines prepared and kept in the institutions under the departmental control.

But I am sure that in the present circumstances, such supervision is not at all made.

PRESIDENT: The problem is a very difficult one and I shall be glad to have guidance and advice. Is not the real trouble that many Ayurvedic and Unani medicines depend for their efficiency and potency on the amount of revenue or special treatment allotted to the mineral and vegatable constituent and do not the prices differ according to the reputation of the particular exponent in refining and making the powerful preparation of particular drugs? Is it not the case?

MR. P. S. GOPALA PILLAI: Yes, Sir. But I think as the Government have an Ayurvedic Pharmacy under their control, the medicines for the institution under the Government control at least can be prepared and sold for moderate prices. If such a system is adopted, the people can rely on the quality of the medicine and a standard can be kept up in the State.

From the perusal of the Administration Report for 1119, one can get an idea of the inadequacy of supervision conducted by the department. In the report it is stated that the Director, who has to work as the Principal of the College also has inspected 176 vaidyasalas. Whatever may be the exceptional ability of the individual in addition to the work of the Director controlling general administration, and his work as Principal, it is humanly impossible to exercise any supervision. The supervision will be on the book and will be only nominal.

I want to bring to the notice of the Government another factor also. Of the 169 *vaidyasalas* receiving grants, there are many with 20 years standing. They are still remaining as 4th grade *vaidyasalas* receiving 4th grade grants. If there was adequate supervision of these institutions, there would have been improvement in these institutions and their grants would have been raised. When we are spending the money, the department should ascertain what benefit the public derive from it. We have to look to the General Administration of the Department also. For the better Administration of th

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Gopala Pillai.]

Department and for the keeping up of the status of the department the Director and the Principal should be separate individuals. There will be uptodate allopathic hospitals in all the important centres of the State under the reorganisation scheme. I think Ayurvedic hospitals should also be started in every taluk. This is highly necessary as people think that diseases like rhematism etc., will be more easily cured by Ayurvedic medicines.

Then, in each pakuthy, there should be a grant-in aid Vaidyasala so that every villager can get medical aid without any great difficulty. The amount of grant given to the vaidyasala should be increased and existing vaidyasalas should be encouraged by increasing their grants and by adequate supervision. I think that the building accommodation for the inpatient ward of the Ayurvedic hospital is not at all sufficient for accommodating the rushing patients at the present time. I think of the innumerable applicants for registration of medical practitioners, at least 75 per cent must be Ayurvedic physicians. But the private practitioners are not at all represented in medical council as is constituted at present and I think that it is not just to leave them so. I bring these facts to the notice of the department.

MR. K. G. KESAVAN NAIR : സർ, പരമസ്ത്രൈണസംസ്കാരത്തിന്റെ കെടാവിളക്കായി ഇന്നും അവശേഷിക്കുന്ന ആയുർവേദാതുരപത്തികളെ പുനരുദ്ധരിച്ചു കാലാനുസൃതമായി പരിഷ്കരിച്ചു അഭിവൃദ്ധിയിൽ വരുത്തുന്നതിനു അങ്ങയുടെ ദയാദൃഷ്ടി, ഈ രാജ്യത്തുള്ള സകലരും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ആയുർവേദഡിപ്പാർട്ടുമെൻറിനു മറ്റു ഡിപ്പാർട്ടുമെൻറുകൾക്കു സിദ്ധിക്കുന്നതുപോലെയുള്ള ആനുകൂല്യമോ, പ്രോത്സാഹനമോ ഗവണ്മെൻറിൽനിന്നും സിദ്ധിക്കുന്നില്ലാ എന്നും പൊതുജനങ്ങളുടെയിടയിൽ-ശരിയാണെങ്കിലും തെറ്റാണെങ്കിലും-ഒരു പരാതിയുണ്ടെന്നു പറയാതിരിക്കുവാൻ നിർവാഹമില്ല. ഉദാഹരണമായി ആയുർവേദഡിപ്പാർട്ടുമെൻറിനു ഗവണ്മെൻറിൽനിന്നും അടുത്ത കൊല്ലം അനുവദിച്ചിരിക്കുന്ന സംഖ്യ ഒരു ലക്ഷത്തിൽ ചിലപ്പോൾ മെഡിക്കൽ ഡിപ്പാർട്ടുമെൻറിനു നീക്കിവച്ചിരിക്കുന്ന സംഖ്യ പത്തൊൻപതുലക്ഷത്തിൽ ചിലപ്പോൾ മാണ്. ഒരു ലക്ഷത്തിൽ ചിലപ്പോൾ രൂപാകൊണ്ടു ആയുർവേദഡിപ്പാർട്ടുമെൻറിൽ എന്താണു ചെയ്യാൻ സാധിക്കുന്നതെന്നു അത്മാർത്ഥതയോടുകൂടി ഞാൻ ചോദിക്കുന്നു. ഇപ്പോൾ ആയുർവേദഡിപ്പാർട്ടുമെൻറിന്റെ ഭരണത്തെപ്പറ്റി ഒന്നാക്ഷേപിക്കയാണെങ്കിൽ ഇതു ഒരു മാതിരി കുഴഞ്ഞ പ്രശ്നമാണെന്നു പറയാതെ ഇരിക്കുവാൻ നിവൃത്തിയില്ല. ആയുർവേദഡിപ്പാർട്ടുമെൻറു ഡയറക്ടർ ആ ഡിപ്പാർട്ടുമെൻറിലെ വിവിധ ശാഖകളെ ഭരിക്കേണ്ടതായിട്ടുണ്ട്. അദ്ദേഹം ഏറ്റവും സമർത്ഥനായ ഒരു പണ്ഡിതൻ

LIBRARY ARCHIVES Kerala Legislative Assembly

ആണെന്നുള്ളതിനു തർക്കമില്ല എന്നാൽ അദ്ദേഹത്തിന്റെ ശ്രദ്ധ ആയുർവേദഡിപ്പാർട്ടുമെൻറിലെ വൈദ്യശാലകളുടെ ഭരണകാര്യത്തിൽ ചെല്ലേണ്ടതായും അതേസമയം തന്നെ ആയുർവേദകാളേജിന്റെയും, ഫാർമസിയുടെയും ഭരണകാര്യവും അദ്ദേഹം തന്നെ നിർവഹിക്കേണ്ടതായിട്ടുമാണിരിക്കുന്നത്. ഇതെല്ലാം ഒരാളെക്കൊണ്ടു അതു എഴുപ്പത്തിൽ സാധിച്ചുകൊണ്ടുപോകത്തക്ക ഒരു സംഗതിയല്ല. ആയുർവേദഡിപ്പാർട്ടുമെൻറിനെ പുനഃസംഘടിപ്പിക്കുന്ന അവസരത്തിൽ ഡയറക്ടറായി ഒരാളേയും മറ്റു വിവിധ ശാഖകളുടെ ഭരണത്തിലേക്കു പ്രത്യേകിച്ചു ഒരാളേയും നിയമിക്കേണ്ടതാണ്. ആയുർവേദകാളേജിൽ പ്രിൻസിപ്പാളായിരിക്കാൻ യോഗ്യതയുള്ള ഒരാൾ ഇവിടെയില്ലാത്തപക്ഷം പുറത്തുനിന്നും ഒരാളെ വരുത്തി ആ കുറവു പരിഹരിക്കുന്നതിലും വിരോധമില്ലെന്നാണ് എന്റെ അഭിപ്രായം. ആയുർവേദകോളേജിലെ വിദ്യാഭ്യാസസമ്പ്രദായത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ അത്യാവശ്യമായ പല പരിഷ്കാരങ്ങളും വരുത്തേണ്ടിയിരിക്കുന്നുവെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്. അടുത്തകാലത്തെ കാളേജ് വിദ്യാഭ്യാസസമ്പ്രദായം പരിഷ്കരിക്കുന്നതിലേക്കു ഗവൺമെൻറിൽനിന്നും ചില ശ്രമങ്ങൾ ചെയ്യുന്നുണ്ടെന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല. ശസ്ത്രക്രിയ മുതലായ സംഗതിയിൽ ആയുർവേദകാളേജ് വിദ്യാർത്ഥികളുടെ അഭ്യസനത്തിനു ഇപ്പോൾ രണ്ടു ഡാക്ടറന്മാർ മുഴുവൻ സമയവും ഉപയോഗിച്ചു ജോലി ചെയ്യുന്നുണ്ട്. ഇതുപോലെ ആയുർവ്വേദകാളേജിൽ പ്രവേശനം അനുവദിക്കുന്നതിലേക്കു എപ്പോഴും സാമാന്യമായ വിദ്യാഭ്യാസവും അറിവുമുള്ള ആളുകളെയാണു തെരഞ്ഞെടുക്കപ്പെടുന്നതു് എന്നുള്ള സംഗതിയും വിസ്മരിക്കുന്നതുമല്ല. പിന്നീടു പറയാനുള്ളതു് ആയുർവേദ ആശുപത്രികളെ സംബന്ധിച്ചും വൈദ്യശാലകളെ സംബന്ധിച്ചുമാണ്. ഇപ്പോൾ വൈദ്യശാലകൾക്കു, നൽകിക്കൊണ്ടിരുന്ന ഗ്രാൻറ് ഏറ്റവും കാര്യക്ഷമമായ രീതിയിൽ അവയെ നടത്തിക്കൊണ്ടുപോകുവാൻ ഏറ്റവും അപര്യാപ്തമാണ്. ഇന്നു ഗവൺമെൻറു കൊടുത്തുകൊണ്ടിരിക്കുന്ന ഒരു വൈദ്യനു സാമാന്യമായ ഒരു നല്ല രീതിയിൽ അതുകൊണ്ടു ഒരു മാസത്തെ കെട്ടിടവാടക കൊടുക്കുന്നതിനുപോലും മതിയാകുന്നില്ല. വാടക കൊടുക്കണം, ഔഷധവിതരണം ചെയ്യണം, മരുന്നു കൊടുക്കണം. ഈ രീതിയിലുള്ള സകല ചെലവും നിവഹിക്കുന്നതിനു് ഈ തുക തീരെപോരാ എന്നുള്ളതു ഞാൻ പറയാതെതന്നെ എല്ലാവർക്കും അറിയാവുന്ന ഒരു പരമാർത്ഥം മാത്രമാണ്. കഴിയുന്നേത്ര നല്ല തുക ഓരോ വൈദ്യശാലക്കും ഗ്രാൻറായി നൽകേണ്ടതാണെന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ ചെടേണ്ടതു് ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. G. Kesavan Nair.]

അത്യാവശ്യമായ ഒരു കാര്യമാണ്. ബഡ്ജറ്റ് സമ്മേളനം കൂടുമ്പോൾ എല്ലാം ആയുർവേദ ഡിപ്പാർട്ടുമെൻറിന്റെ ശോചനീയാവസ്ഥയെ സംബന്ധിച്ച് പല മെമ്പറന്മാരും ഉൽബോധിപ്പിക്കാറുണ്ടെങ്കിലും കാരോ കൊല്ലവും ബഡ്ജറ്റ് അവസാനിക്കുമ്പോൾ മുൻകൊല്ലം അനുവദിച്ചിരിക്കുന്ന തുകതന്നെ അടുത്തകൊല്ലം നീക്കിവയ്ക്കുന്നതായിട്ടാണ് കാണുന്നത്. അടുത്ത കൊല്ലത്തേക്ക് ഗ്രാൻറിനു നീക്കിവച്ചിരിക്കുന്ന തുക ഫസ്റ്റ്-ലേക്ക് അനുവദിച്ചിട്ടുള്ള തുകയേക്കാൾ കുറവായിട്ടാണ് കണ്ടുന്നത്. ഇതിൽനിന്നും ഊഹിക്കേണ്ടത് അടുത്ത കൊല്ലത്തിൽ കാര്യമായി യാതൊന്നും ചെയ്യാനോ പുതുതായി വൈദ്യശാലകൾക്കു ഗ്രാൻറു കൊടുക്കാനോ ഉദ്ദേശിക്കുന്നില്ലാ എന്നാണ്. ഏറ്റവിനാലാമാണ്ട് ആയുർവേദ വൈദ്യശാലകൾക്കു ഗ്രാൻറു കൊടുക്കേണ്ട കാര്യങ്ങളെപ്പറ്റി പര്യാലോചിക്കുന്നതിനായി ഒരു വലിയ കാൺഫറൻസ് തിരുവനന്തപുരത്തുവച്ചു കൂടുകയും അതിൽ കാരോ വൈദ്യശാലകൾക്കും അറുപത്, അൻപത്, നാല്പത്, മുപ്പത് ഈ ക്രമത്തിൽ ഗ്രാൻറു കൊടുക്കണമെന്നുള്ള അഭിപ്രായം അംഗീകരിക്കുകയും അതനുസരിച്ച് ഒരു സ്കീം തയാറാക്കി ഗവണ്മെൻറിലേക്ക് അയക്കുകയും ചെയ്തു. അതിനുശേഷം എന്തു സംഭവിച്ചു എന്നറിഞ്ഞുകൂടാ. അതിൻറ പ്രവർത്തനം ഇപ്പോൾ അജ്ഞാതമായിട്ടാണിരിക്കുന്നത്. ആയുർവേദഡിപ്പാർട്ടുമെൻറിനെ നല്ല രീതിയിൽ അഭിവൃദ്ധിപ്പെടുത്തണമെന്നുണ്ടെങ്കിൽ തീർച്ചയായിട്ടും വൈദ്യശാലകൾക്കു കൂടുതൽ ഗ്രാൻറ് അനുവദിച്ചുകൊടുക്കേണ്ടതാണ്. ആയുർവേദം ശാസ്ത്രീയമായ രീതിയിൽ നടത്തുന്നു എന്നുള്ളതിനു തർക്കമില്ല. അതിനു അധികൃതന്മാർ കഴിയുന്നത്ര ശ്രമമെല്ലാം ചെയ്യുന്നുമുണ്ട്.

സർ, ഫസ്റ്റ്-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് നോക്കിയാൽ കാണാം ജനറൽ ആശുപത്രിയിലേക്കാൾ കൂടുതൽ ഔട്ട്പേഷ്യൻറുകൾ ആയുർവേദആശുപത്രിയിൽ ചികിത്സക്കായി വന്നിട്ടുണ്ടെന്ന്. ഇൻപേഷ്യൻറുകളുടെ എണ്ണം കുറവായിട്ടാണ് കാണുന്നത്. അതിനു പ്രത്യേക കാരണവും ഇല്ലാതില്ല. അഡ്മിറ്റുചെയ്തു ചികിത്സിക്കുന്നതിനു സൗകര്യമില്ലാത്തതാണ് ഇതിനു കാരണം. ആയുർവേദ ആശുപത്രികളിൽ ഇപ്പോൾ ഇൻപേഷ്യൻറുകളെ ചികിത്സിക്കാൻ സൗകര്യമില്ലാത്ത ഈ കുറവിനെ പരിഹരിക്കുന്നതിന് ആയുർവേദ ആശുപത്രികളിൽ കൂടുതൽ ഷെഡുകൾ പണിയിക്കുകയും, കൂടുതൽ കിടക്കകൾക്കു സൗകര്യമുണ്ടാക്കിക്കൊടുക്കുകയും ചെയ്യേണ്ടതു് ഏറ്റവും അപരിത്യാജ്യമായ ഒരു സംഗതിയാണ്. അതുപോലെതന്നെ ആയുർവേദകോളേജിൽ കഴിഞ്ഞകൊല്ലം

LIBRARY ARCHIVES Kerala Legislative Assembly

നേത്രചികിത്സ, മർമ്മചികിത്സ, വിഷചികിത്സ, ഇവയ്ക്ക് പ്രത്യേക അഭ്യസനം നൽകിയിരുന്നു. എന്നാൽ ഈ കൊല്ലം നേത്രചികിത്സക്ക മാത്രമേ അഭ്യസനം നൽകുന്നുള്ളൂ. മറ്റു രണ്ടു പരിശീലനങ്ങളും ഇപ്പോൾ അവസാനിപ്പിക്കുകയാണു ചെയ്തിരിക്കുന്നത്. —ഈ മൂന്നു ചികിത്സകൾക്കും വേണ്ട പ്രോത്സാഹനം നൽകുന്നപക്ഷം വൈദ്യകലാനിധി പാസ്സായ് വക്ക് ഇതിൽ പരിശീലനം ലഭിക്കുന്നതിനു സൗകര്യമുണ്ടാകുകയും അങ്ങനെ പരിശീലനം സിദ്ധിച്ച ശേഷം അവരെ വൈദ്യശാല നടത്തുന്നതിനും അനുവദിക്കുന്നതായാൽ അതു ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമായിരിക്കുകയും ചെയ്യും. അതിനുംപുറമെ ഇപ്രകാരമുള്ള വക്ക് പ്രത്യേക പരിശീലനം സിദ്ധിക്കുന്നതായാൽ, ഈ ചികിത്സക്ക് അഭ്യസനം നടത്തുന്നതിനു കൂടുതൽ അളുകൾ വന്നുചേരുകയും കാലാന്തരത്തിൽ ഇതിന് ഒരു നല്ല പ്രചാരം സിദ്ധിക്കുകയും ചെയ്യും. ആയുർവ്വേദവൈദ്യത്തെ അങ്ങയുടെ കാലത്തു പരിപുഷ്ടിപ്പെടുത്തിയില്ലെങ്കിൽ പിന്നെ എന്നാണു പരിപുഷ്ടിക്കുവാൻ പോകുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല പോസ്റ്റുവാർ റീ കൺസ്ട്രക്ഷൻ സ്കീം അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരിക്കുന്ന ഈ കാലത്തു മെഡിക്കൽ വകുപ്പിനെ പുനരുദ്ധരിക്കുന്നതിനുവേണ്ടി ചെലവാക്കുന്ന തുകയിൽ ഏറ്റവും നിസ്സാരമായ ഒരു തുകയെങ്കിലും ആയുർവ്വേദ ഡിപ്പാർട്ടുമെന്റിന്റെ പുനരുദ്ധാരണത്തിനുവേണ്ടി ചെലവാക്കുന്നതിനുള്ള ധർമ്മബുദ്ധിയും, ഇപ്പോൾ ശൈശവത്തിലിരിക്കുന്ന ഈ പ്രസ്ഥാനത്തെ ശക്തിമത്താക്കുന്നതിനു സകലവിധത്തിലുള്ള അനുകൂല്യം ചെയ്യുന്നതിനുള്ള ദയാദൃഷ്ടിയും ഗവണ്മെന്റിനുണ്ടാകണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

MR. V. K. VELAPPAN NAIR : ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിയിരിക്കുന്നത് ഇപ്പോൾ ഗവണ്മെന്റു ആയുർവേദവൈദ്യശാലകളോടു കാണിക്കുന്ന നയം ശരിയല്ലാ എന്നതു ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ പെടുത്താൻവേണ്ടി മാത്രമാണ്. എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ കേശവൻനായരുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ ഡിമാൻറിനു സംബന്ധിച്ചുള്ള വാദപ്രതിവാദത്തിൽ നിന്നും, ബഡ്ജറിന്റെ പൊതുവിമർശനവേളയിൽ ഉണ്ടായ പ്രസ്താവനകളിൽനിന്നും ഈ രാജ്യത്തു ഗവണ്മെന്റു ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന വൈദ്യസഹായം തീരെ മതിയാകാതെയാണിരിക്കുന്നതെന്നു ഗവണ്മെന്റിനു ബോദ്ധ്യം വന്നിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. ഇംഗ്ലീഷു ചികിത്സാ സമ്പ്രദായം നാട്ടിന്റെ നാനാഭാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. K. Velappan Nair]

ഗത്തും സൗകര്യപ്രദമായി നടപ്പാക്കുന്നതിന് ഗവണ്മെന്റിനു പ്രായേണ വലിയ വിഷമം ഉണ്ടെന്നു വസ്തുത എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമാണ്. അങ്ങനെ ഇംഗ്ലീഷു ചികിത്സാ സംപ്രദായം നടപ്പിലാക്കി പൊതുജനങ്ങൾക്ക് അതു് ഉപയോഗപ്പെടുത്തുന്നതിന് അസൗകര്യം ഉള്ളിടത്തോളംകാലം നിശ്ചയമായും ആയുർവേദത്തിന് കൂടുതൽ പ്രചാരം നൽകുന്നതിനു ഗവണ്മെന്റു ദയാപൂർവം ശ്രദ്ധിക്കേണ്ടതാണ്. വ്യയം ഒന്നും കൂടാതെ ആവശ്യത്തിൽ കവിഞ്ഞു വൈദ്യസഹായം ചെയ്യുന്ന ഒരു ചികിത്സാ സംപ്രദായം നമ്മുടെ നാട്ടിൽ ഉള്ള നിലയ്ക്കു, വ്യയഹേതുകമായ മറ്റൊരു ചികിത്സാ സംപ്രദായത്തിനുവേണ്ടി ഗണ്യമായ ഒരു തുക ചിലവാക്കുന്ന ഗവണ്മെന്റ് ആയുർവേദ ചികിത്സാ സംപ്രദായത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ ഇത്രമാത്രം വൈമനസ്യം കാണിക്കുന്നതു് എന്തുകൊണ്ടാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. കാലക്രമേണ ആയുർവേദത്തെപ്പറ്റിയുള്ള വിശ്വാസക്കുറവു് ഗവണ്മെന്റിനും ജനങ്ങൾക്കും നീങ്ങിക്കൊണ്ടാണിരിക്കുന്നതെന്നു് അങ്ങോടാണ്ടു് ഇതിന് കൂടുതൽ തുക അനുവദിക്കുന്നതുകൊണ്ടും ഇതിനെപ്പറ്റി കൂടുതൽ വാദപ്രതിവാദം ഇവിടെ നടക്കുന്നതുകൊണ്ടും കാണ്മാൻ കഴിയും. അതിനാവശ്യമുള്ള കണക്കുകൾ എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ കേശവൻനായർ ഇവിടെ ഉദ്ധരിച്ചുകഴിഞ്ഞു. കഴിഞ്ഞകൊല്ലം വൈദ്യന്മാർക്കു ഫ ൪ ൦ ൦ രൂപാ ഗ്രാന്റു അനുവദിച്ചിട്ടുള്ളപ്പോൾ ഇക്കൊല്ലം ഫ ൪ വ്വൻരൂപയെ അനുവദിച്ചിട്ടുള്ളു എന്നു കാണുന്നു. ഫ ഫ ൻ-ൽ ഇതിലേക്കുള്ള തുക ൨ ൦ ൨ ൪ എന്നു കാണുന്നു. ഇങ്ങനെ കുറേക്കാലം കൂടി അങ്ങുപോയാൽ ആയുർവേദ വൈദ്യശാലകൾക്കുവേണ്ടി നൽകുന്ന തുക നമ്മുടെ ബഡ്ജറിൽനിന്നും മാറപ്പെട്ടേയ്ക്കും എന്നും വിചാരിക്കാവുന്നതാണ്. ഫ ഫ ൻ-ൽ ൨ ൦ ൨ ൪ രൂപാ കൊടുത്തിരുന്നതു് ഫ ൪ ൦ വൈദ്യശാലകൾക്കാണ്. എന്നാൽ ഫ ൨ ഫ-ൽ ഫ ൪ വ്വൻരൂപകൊള്ളിച്ചിരിക്കുന്നതു് ഫ ൪ ൪ വൈദ്യശാലകൾക്കാണെന്നുകൂടി ഓർമ്മിക്കുമ്പോൾ ഈ വിഷയത്തിൽ ഗവണ്മെന്റു കൈക്കൊള്ളുന്ന ഒരു നയം കൈക്കൊള്ളുന്നു എന്നു പറയാൻ നിവർത്തിയില്ല.

സർ, ഈ രാജ്യത്തു് ആകെ ൪ ൨ ഫ പകുതികൾ ഉണ്ടു്. ഓരോ പകുതിക്കും ഓരോ വൈദ്യശാലവീതം ഉണ്ടായിരിക്കണം. ഓരോ വൈദ്യശാലയ്ക്കും ഫ ൪ രൂപാവീതമെങ്കിലും ഗ്രാന്റുകൊടുക്കണം. ഇതാണു ജനങ്ങൾ ഇന്നു് ആവശ്യപ്പെടുന്നതു്. കുറെ കൊല്ലങ്ങൾ ആയി ജനപ്രതിനിധികൾ ഈ സഭ മുൻപാകെ പ്രസ്ഥാവിക്കുന്നതും ഇതു

LIBRARY ARCHIVES Kerala Legislative Assembly

തന്നെ. അതു് ഗവണ്മെൻറു സ്വീകരിച്ച കാണാത്തതു് പരിതാപകരം തന്നെയാണു്. അതിനുള്ള വൈഷമ്യം എന്താണു് പ്രതിബന്ധം എന്താണു് എന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. ജനങ്ങൾക്കു് മറ്റു വൈദ്യസഹായം ചെയ്യുന്ന ഗവണ്മെൻറിനു് മനസ്സുണ്ടെങ്കിൽ ഇതു നടപ്പിൽ വരുത്താൻ ഒട്ടും പ്രയാസമില്ല. ഇംഗ്ലീഷ് ചികിത്സാ സംപ്രദായത്തിനു് ഗവണ്മെൻറു ഗണ്യമായ തുക അനുവദിക്കുന്നുണ്ടെന്നു് സമ്മതിക്കുന്നു. നാട്ടിലുള്ള ജനങ്ങൾക്കു പരക്കെ ഈ ചികിത്സാസംപ്രദായത്തിൻറെ ഗുണം അനുഭവിക്കാനുള്ള സൗകര്യം ഇന്നില്ലാത്തതുകൊണ്ടും ആയുർവേദ ചികിത്സാസംപ്രദായത്തെ പ്രോത്സാഹിപ്പിക്കേണ്ട കടമ ഗവണ്മെൻറിനുള്ളതുകൊണ്ടും കൂടുതൽ തുക അനുവദിച്ചും, ഞാൻ മുൻപു പറഞ്ഞതുപോലെ ഓരോ പകുതിക്കും ഓരോ വൈദ്യശാലവീതം സ്ഥാപിച്ചും ഗവണ്മെൻറു ഈ ഡിപ്പാർട്ടുമെൻറിനെ കഴിയുന്നിടത്തോളം പ്രോത്സാഹിപ്പിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

MR. P. K. KURIAKOSE: സർ, തിരുവിതാംകൂറിൽ—സംസ്ഥാനത്തു് പ്രത്യേകിച്ചു് ദേവികുളം, മൂവാറ്റുപുഴ ഈ താലൂക്കുകളിൽ ക്രമേക്രമേ ഉണ്ടാകാറുള്ള വിഷബാധനിമിത്തം അനവധി അകാലമരണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. സർ, ഇതു് നിസ്സാരമായ ഒരു കാര്യമല്ല. പലതരത്തിലുള്ള ചെറുപ്പക്കാർ ഇത്തരത്തിൽ മൃതിയടഞ്ഞുപോയിട്ടുള്ളതായി എനിക്കറിയാം. ഇതിൻറെ ഭയങ്കരതയെ തടയത്തക്കവണ്ണമുള്ള പ്രതിവിധികൾ ഉടനടി കൈക്കൊള്ളേണ്ടതിൻറെ ആവശ്യം വളരെ ആസന്നമായിരിക്കുന്നു. ഇതു് നിസ്സാരമാണെന്നു ഗവണ്മെൻറോ അല്ലെങ്കിൽ ഡിപ്പാർട്ടുമെൻറു അധികൃതന്മാരോ വിചാരിക്കുന്നുവെങ്കിൽ, അവർ പട്ടണങ്ങളിൽ താമസിക്കുന്നതുകൊണ്ടും അവിടങ്ങളിൽ ഈ വക ജന്തുക്കളുടെ ഉപദ്രവങ്ങൾ വളരെ വിരളമായതുകൊണ്ടുമാണെന്നാണു് എനിക്കു പ്രസ്താവിക്കാനുള്ളതു്. നേരേ മറിച്ചു് നാട്ടിൻപുറങ്ങളിൽ, വിശേഷിച്ചു് മലമ്പ്രദേശങ്ങളോടു തൊട്ടുകിടക്കുന്ന കുഗ്രാമങ്ങളിൽ ഇവ പല നിറത്തിലും ഉണ്ടു്. എൻറെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ മാസത്തിൽത്തന്നെ പാമ്പുകടിമൂലം പല മരണങ്ങളുമുണ്ടായിട്ടുണ്ടു്. വൈകുന്നേരം കണ്ടയാളെ നേരം വെളുക്കുമ്പോൾ, പാമ്പുകടിച്ചു മരിച്ചുതായിട്ടാണു കാണേണ്ടിവരുന്നതു്. ഇങ്ങനെയുള്ള അനിഷ്ടസംഭവങ്ങൾ ഉണ്ടാകുന്നതു മിക്കവാറും രാത്രികാലങ്ങളിലാണു്. കടിയേറ്റുകഴിഞ്ഞാൽ എവിടെ പോകേണ്ടു, ആരെ വിളിക്കേണ്ടു, എന്തു ചെയ്യേണ്ടു എന്നു അന്ധാളിച്ചു നിലവിളിക്കുന്ന അയാളുടെ ആൾക്കാരെ കണ്ടാൽ ഏതു മനുഷ്യഹൃദയവും തകർന്നു പോകും. ഇതു് സൗകര്യംനോക്കി ചികി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Kuriakose]

ത്സനടത്താനുള്ള ഒരു രോഗമല്ല. ശരിയായ മരുന്നു കയ്യോടെ ഏർപ്പാടുചെയ്തില്ലെങ്കിൽ രണ്ടു മൂന്നു മണിക്കൂറിനകം ജീവാപായം നിശ്ചയം. വിഷചികിത്സ അറിയാവുന്നവർ സമീപപ്രദേശങ്ങളിൽ ഇല്ലെന്നുവരികിൽ അവർ എവിടെയുണ്ടോ ഉള്ളതു് ആ ദിക്കു് അന്വേഷിച്ചുപോകേണ്ടിയിരിക്കുന്നു. പണമുള്ളവരാണെങ്കിൽ ചിലപ്പോൾ വാഹനങ്ങൾ മുഖേന വൈദ്യന്റെ വസതിയിൽ എത്തിച്ചികിത്സിച്ചു എന്നുവരാം. പണമില്ലാത്തവനാണെങ്കിൽ മിക്കവാറും ബഹുദൂരമുള്ള യാത്രക്കുള്ളിൽ മൃതിയാകാനാണു സാധ്യത. അതുകൊണ്ടു് ഈ ഉപദ്രവം ഏതു താലൂക്കിലാണോ അധികമുണ്ടായിക്കൊണ്ടിരിക്കുന്നതു് അവിടങ്ങളിൽ ഗ്രാന്റു കൊടുത്തു വിഷവൈദ്യശാലകൾ സ്ഥാപിക്കേണ്ടതാകുന്നു.

അങ്ങനെയുള്ള ഒരു സഹായം ഗവണ്മെന്റിൽനിന്നും ചെയ്തു കൊടുക്കുന്നതായാൽ അവിചാരിതമായുണ്ടാകുന്ന അകാലമരണങ്ങളെ ഇല്ലാതാക്കാൻ സാധിക്കുന്നതാണു്. ആധുനികപത്രികളിൽ ഇതിനുള്ള മരുന്നുകൾ ഇല്ല. അതെങ്കിലും ഓടി അവിടെ ചെല്ലുകയാണെങ്കിൽ ഡാക്ടർ തന്നെ പറയും എവിടെയെങ്കിലുംപോയി വിഷവൈദ്യനെക്കൊണ്ടുവരണമെന്നു്. അടുത്തെങ്ങും വിഷവൈദ്യനില്ലെന്നു പറയുന്നപക്ഷം വല്ല പൊട്ടാസ്യം പെർമാംഗ്നേറ്റോ കൊടുത്തു പറഞ്ഞയയ്ക്കുകയാണു ചെയ്യുന്നതു്. അതല്ലാതെ ഇതിനു പറ്റിയ ഔഷധങ്ങൾ അവിടെ ഇല്ല. ആയതിനാൽ എനിക്കു് ബഹുമാനപ്പെട്ട ഗവണ്മെന്റിനെ ഉൽബോധിപ്പിക്കുവാനുള്ളതു് മാരുള്ള ചികിത്സാ സമ്പ്രദായങ്ങൾക്കു വേണ്ടി വർഷംതോറും ഗവണ്മെന്റിൽനിന്നും അനവധി പണം ചെലവാക്കുന്നതുപോലെ വിഷവൈദ്യസമ്പ്രദായത്തിനും വേണ്ട പ്രോത്സാഹനംകൊടുത്തു് പൊതുജനങ്ങളെ സഹായിക്കേണ്ടതാണെന്നാണു്. അതിലേക്കു് ഗ്രാന്റുകൾ കൊടുക്കുകയും അല്ലെങ്കിൽ പ്രത്യേക പരിശീലനം ലഭിക്കത്തക്കവണ്ണമുള്ള കളരികൾ ഏർപ്പെടുത്തുകയുംവേണം. ഇതിലേക്കു് ഒരു പുതിയ മരുന്നു കണ്ടുപിടിച്ചിട്ടുണ്ടെന്നു് അഭ്യൂക്ഷൻ അവർകൾ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഈ സംഗതി അറിയുന്നതുതന്നെ വളരെ ആശ്വാസപ്രദമാണു്. എത്രയും വേഗത്തിൽ ആ മരുന്നു് ഇവിടെ വരുത്തി രാജ്യത്തുള്ള സകല ആശുപത്രികളിലും വിതരണംചെയ്യുമെന്നു് അഭ്യർത്ഥിക്കുന്നു. പാമ്പുകടിസംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയണമെന്നുദ്ദേശിച്ചാണു് ചില ചോദ്യങ്ങൾ ചോദിച്ചിരുന്നതു്. അതിനു ശരിയായ സമാധാനം കിട്ടിയില്ല. ഇതു് അറിഞ്ഞിരുന്നുവെങ്കിൽ അവിടെ വച്ചുതന്നെ ഇതിന്റെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറുമെൻറ് തയാറാക്കിക്കൊണ്ടുവരുമായിരുന്നു. എന്തെന്നാൽ ഗവ ണ്മെൻറ് ഇതു സംബന്ധിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ലെന്നു ഇവിടെ വന്നതിനുശേഷമാണു ഞാൻ അറിഞ്ഞതു്.

PRESIDENT : The honourable member may take it from me that information will be secured, if possible, in the course of a few weeks.

MR. P. K. KURIAKOSE : പാമ്പുകടിമൂലം മരണമുണ്ടായിട്ടുള്ളവരുടെ കണക്കെടുക്കുന്നതു് പാർവത്യകാരാണു്. എന്നാൽ പോലീസ് ഇൻസ്പെക്ടറന്മാരും ഈ ജോലി ഇതിനുമുൻപു് നിർവഹിച്ചിരുന്നു. അതിനാൽ രാജ്യത്തിനുള്ളിൽ പാമ്പുകടികൊണ്ടു് മരണം സംഭവിച്ചിട്ടുള്ള കണക്കുവരുത്തിച്ചു എവിടെയാണോ കൂടുതൽ ജിവാപായം ഉണ്ടായിട്ടുള്ളതു് അവിടെ കൂടുതൽ മരുന്നു വിതരണംചെയ്തു് ജനങ്ങളെ രക്ഷിക്കുണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

MR. D. THOMAS :- Sir, I move:

"To reduce the total allotment of Rs. 1,56,850 under Demand XXV by Re 1 (to impress upon the Government the need for rendering proper encouragement to Sidddha Vaidyam.)

In order that medical relief will be easily available to all the people in the State, it is necessary that proper encouragement be given to native system of medicines. Especially in these days, when foreign medicines are not easily available, the need for native systems becomes all the more greater. Whatever be our programme in post-war reconstruction, to establish major hospitals, people in the rural areas will always depend upon native systems of medicine. It is not always possible for them to come to the town and get medical relief. So, we should encourage native systems.

People in South Travancore generally depend on the Siddha system, just as Ayurveda is important for the people in the North. Siddha is important to the people in the South. In South Travancore there are over 5,000 people practising this system. But only about 1,200 people were able to send in their applications, for registration, because a large majority of the practitioners were not aware of the Medical Practitioner's Act. They do not read the newspapers or look into the Government Gazette, and so they were not able to send in their application in time. Even those who succeeded in sending their applications in time were not yet registered. Their applications were not favoured with an endorsement and they do not know what they should do. If there is any defect in their applications they are not instructed to remedy them. So they are wondering what they should do in order that they may become registered medical practitioners. So I earnestly request the Government that necessary steps may be taken so that the practitioners of the Siddha system will be registered as early as possible.

LIBRARY ARCHIVES Kerala Legislative Assembly

[Mr. D. Thomas]

Sir, now a grant for Rs. 1,56,850, is moved under Demand Ayurveda. Only a very small portion of this goes for the treatment in the Siddha system. On reading the Administration Report of the Department of 1119 I find that there are 169 grant-in-aid vaidyasalas. Of these only ten grants are given to vaidyasalas of all the other systems. I do not say that Ayurveda should not be encouraged; all these systems should be duly encouraged but it does not mean that one system should be neglected out-right. At present the Siddha system is given a step-motherly treatment. The Siddha system is a system followed by Tamilians who form one sixth of the total population of this country. So it is only legitimate that this system is also properly encouraged.

About constructing major hospitals... .....

PRESIDENT: That does not arise.

MR. D. THOMAS: Then I have nothing more to add in this subject.

MR. G. PARAMESWARAN PILLAI: സർ, ഈ ഉപക്ഷേപം ഞാൻ ഇവിടെ അവതരിപ്പിക്കുന്നതോടുകൂടി ഒന്നുരണ്ടു പ്രധാന കാര്യങ്ങൾ ഈ സഭയുടേയും, അങ്ങയുടേയും സതുപരശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുമെന്നു ആഗ്രഹിക്കുന്നു.

ആയുർവേദം, അലോപ്പതി മുതലായ എല്ലാ വൈദ്യസമ്പ്രദായങ്ങളേയും ഒരേ നിലയിൽ പരിഗണിച്ച് ഒരു മെഡിക്കൽ കൗൺസിലിന്റെ കീഴിലാക്കി കൗൺസിൽ രൂപീകരിച്ചും വൈദ്യസമ്പ്രദായങ്ങൾക്കെല്ലാം പ്രാതിനിധ്യം കൊടുത്തും ഈ മെഡിക്കൽവകുപ്പു പരിഷ്കാരം നടപ്പിലാക്കുവാൻ സന്നദ്ധനായ അങ്ങയേയും ഗവണ്മെൻറിനേയും ഞാൻ അഭിനന്ദിച്ചുകൊള്ളുന്നു.

സർ, അലോപ്പതി ചികിത്സാസമ്പ്രദായത്തിനുവേണ്ടി ഗവണ്മെൻറ് ഇപ്പോൾ ധാരാളം പണം ചെലവാക്കുന്നുണ്ട്. അതുകൊണ്ട് അലോപ്പതി ചികിത്സാസമ്പ്രദായത്തിന് കൂടുതൽ അഭിവൃദ്ധിയും പ്രചാരവും ഉണ്ടായിട്ടുണ്ട്. ഉപകരണങ്ങൾ, മരുന്നു, സാനട്ടോറിയം ഇവയെ സംബന്ധിച്ച് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന നവീനസംവിധാനങ്ങളിൽ ഉടനടൻ നടപ്പിൽ വരുത്തുന്നതിനും ആവശ്യമുള്ള സ്ഥലങ്ങളിൽ വേണ്ട കെട്ടിടങ്ങളോടും സജ്ജീകരണങ്ങളോടുംകൂടി ആശുപത്രികൾ സ്ഥാപിച്ചു കൊടുക്കുന്നതിനും ഗവണ്മെൻറ് കഴിവുള്ളിടത്തോളം ശ്രദ്ധിക്കുന്നുണ്ട്. എന്നാൽ ഇന്നത്തെ നിലയ്ക്ക് ആയുർവേദ ഡിപ്പാർട്ടുമെൻറിനെ അതു അർഹിക്കുന്നിടത്തോളം പ്രോത്സാഹിപ്പിക്കുന്നുണ്ടോ എന്നു സംശയമാണ്. ഗവണ്മെൻറ് ഇപ്പോൾ തുടർന്നുവരുന്ന രീതിയിലാണ് ആയുർവേദ ഡിപ്പാർട്ടുമെൻറിനെ [illegible]

LIBRARY ARCHIVES Kerala Legislative Assembly

അതു് ഒരു പരാജയത്തിൽ കലാശിക്കുകയില്ലേ എന്നു ഞാൻ ഭയപ്പെടുന്നു. ഇന്നത്തെ ആയുർവേദകാളേജിൽനിന്നും ആയുർവേദആശുപത്രികളിൽനിന്നും പരിശീലനം കഴിഞ്ഞു പുറത്തുവരുന്ന വിദ്യാർത്ഥികളിൽ ആയുർവേദ ചികിത്സയുടെ മഹത്വം പ്രതിഫലിച്ചു കാണുന്നില്ല. എന്റെ അഭിപ്രായം ഒരു പഴഞ്ചൻ അഭിപ്രായമാണു് എന്നു വിചാരിച്ചേക്കാം. ആയുർവേദം പഠിപ്പിക്കുമ്പോൾ ശസ്ത്രക്രിയകൂടി പഠിപ്പിക്കണമെന്നു് നിർബന്ധമുണ്ടു്. ആയുർവേദത്തെ പോഷിപ്പിക്കുന്നതിനു് മറ്റു യാതൊന്നിന്റെയും കലർപ്പു് ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം. ശസ്ത്രക്രിയ ആയുർവേദസിദ്ധാന്തപ്രകാരം ചെയ്യാവുന്നതാണു്. അതു് പ്രായോഗികമാക്കുവാൻ ഇന്നു് ആയുർവേദപഠനവും പരിശീലനവും കഴിഞ്ഞു പുറത്തുവരുന്ന വിദ്യാർത്ഥികൾക്കു പ്രായോഗിക ജ്ഞാനം നൽകുന്നില്ലെന്നാണു് എന്റെ അഭിപ്രായം. അങ്ങനെയിരിക്കെ, അലോപ്പതി സമ്പ്രദായത്തിൽ ശസ്ത്രക്രിയകൂടി ആയുർവേദ വിദ്യാർത്ഥികളെ പഠിപ്പിക്കണമെന്നു ഇന്നത്തെ ഡയറക്ടർ അവർകൾ ആഗ്രഹിക്കുന്നതു് പ്രായോഗികമായി പ്രയോജനകരമെന്നു തോന്നുന്നില്ല. ആയുർവേദ സമ്പ്രദായത്തിൽ പറയുന്ന ശസ്ത്രക്രിയാപദ്ധതികളും അലോപ്പതി സമ്പ്രദായത്തിലുള്ള ശസ്ത്രക്രിയാപദ്ധതികളും കാര്യത്തിൽ വിഭിന്നമല്ല. ആയുർവേദ സിദ്ധാന്തപ്രകാരമുള്ള ശസ്ത്രക്രിയാപദ്ധതികളും അനന്തരകാര്യങ്ങളും ഇന്നുള്ള പല ആയുർവേദ വൈദ്യന്മാർക്കും അജ്ഞാതമാണു്. അതുകൊണ്ടു് ഒന്നുകിൽ അലോപ്പതി സിദ്ധാന്തപ്രകാരമുള്ള ശസ്ത്രക്രിയ നടത്താനുള്ള കോഴ്സ് പ്രത്യേകം ഏർപ്പെടുത്തി, അതു് പ്രായോഗികമാക്കണം; അല്ലെങ്കിൽ ആയുർവേദവിധിപ്രകാരമുള്ള ശസ്ത്രക്രിയനടത്താൻ വേണ്ട സൗകര്യം ചെയ്യണം. അല്ലാതെ ആയുർവേദചികിത്സനടത്തുമ്പോൾ അലോപ്പതിവിധിപ്രകാരമുള്ള ശസ്ത്രക്രിയാദികൾ പഠിപ്പിച്ചു് പ്രയോഗത്തിൽ വരുത്തുക സാദ്ധ്യമാണെന്നു് എനിക്കു തോന്നുന്നില്ല.

PRESIDENT: The idea is that it is well that there should be some knowledge of anatomy and physiology on the part of persons administering even the Ayurveda medicines. Is there any real objection to that?

MR. G. PARAMESWARAN PILLAI: Certainly not, Sir.

സർ, അങ്ങു പറയുന്നതിനോടു ഞാൻ യോജിക്കുന്നു. എൻട്രൻസ് ക്ലാസ്സിൽ അലോപ്പതിവിധിപ്രകാരമുള്ള കെമിസ്ട്രി, ഫിസിയോളജി മുതലായവ പഠിപ്പിക്കുന്നതിൽ എനിക്കു വിരോധമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. K. R. NARAYANAN : ശരീരശാസ്ത്രം പഠിപ്പിക്കേണ്ട എന്നാണോ മെമ്പർ പറയുന്നത്.

MR. G. PARAMESWARAN PILLAI: ഞാൻ പറയുന്നത് മെമ്പർ കേട്ടില്ലയോ, അഥവാ കേട്ടിട്ടും മനസ്സിലാക്കാതെ ഇപ്രകാരം ചോദിക്കയോ ചെയ്യുന്നതാണെന്നു തോന്നുന്നു. ഫിസിയോളജിയും അനാട്ടമിയും ഈ ശരീരശാസ്ത്രംതന്നെയാണ്. ഫിസിയോളജി ശരീര ധർമ്മശാസ്ത്രവും, അനാട്ടമി ശരീരവ്യവച്ഛേദവും ആകുന്നു. അത് എൻട്രസ്സ് ക്ലാസ്സിൽ പഠിപ്പിക്കുന്നതിനു വിരോധമില്ലെന്നാണ് ഞാൻ പറഞ്ഞത്. ഇടയ്ക്കിടെ ഈ വിഷയത്തിൽ നൽകുന്ന പരിശീലനം പ്രായോഗികാവശ്യത്തിനു പര്യാപ്തമാകുന്നില്ലെന്നാണ് ഞാൻ പറയുന്നത്. ഇക്കാര്യത്തിൽ ഗവണ്മെൻറ് കുറെക്കൂടി ശ്രദ്ധിക്കേണ്ടതാണ്.

മെഡിക്കൽ കൗൺസിലിനെപ്പറ്റി ഇവിടെ ചിലർ സൂചിപ്പിക്കുകയുണ്ടായി, അവരുടെ കൃത്യനിർവഹണം ശരിയായി നടത്തുന്നുണ്ടോ എന്നു സംശയമാണ്. ഒരു കൊല്ലംകൊണ്ട് ൧൫൦൦ പേരുടെ പേര് രജിസ്റ്റർ ചെയ്തു എന്നുള്ളതു മാത്രമാണ് ഈ കൗൺസിൽ ഇതുവരെ ഈ ഒരുകൊല്ലത്തിനകം ചെയ്തജോലി. ഏകദേശം ൭൦൦ അപേക്ഷകർ ഇതിനകം രജിസ്റ്റർ ചെയ്യാനായി അയച്ചിട്ടുണ്ടെന്നാണ് എനിക്കറിവ്. ഡിപ്ലമോ സമ്പാദിച്ചിട്ടുള്ള ഡാക്ടർമാർ-സിവിൽ ലിസ്റ്റിൽപെടിയുള്ള അലോപ്പതി ഡാക്ടർമാർ-ഡിപ്പാർട്ടുമെൻറംഗീകാരം സിദ്ധിച്ചിട്ടുള്ള വൈദ്യന്മാർ, ഡിപ്ലമോ ലഭിച്ചിട്ടുള്ള മറ്റു വൈദ്യന്മാർ എന്നിവരുടെ സംഖ്യ ആയിരത്തോളം വരും. ബാക്കി ഒരു ഇരുന്നൂറോളം അപേക്ഷകർ മാത്രമാണ് കൂട്ടത്തലായി രജിസ്റ്റർ ചെയ്യുന്നതിന് കൗൺസിൽ രജിസ്ട്രാക്ക് സാധിച്ചിട്ടുള്ളത്. ഇതുപോലെ സിദ്ധവൈദ്യന്മാരുടെ ൫൫൦ അപേക്ഷകർ രജിസ്ട്രാർ അവർകൾ തിരസ്കരിക്കയുണ്ടായി എന്ന ഒരു കിംവദന്തി ഈ കർക്കടകം മുതലുള്ള കാലമുളിയിൽ കാണാനിടയായി.

MR. C. P. GOPALA PANICKAR : അത് ശരിയല്ല. അതു ആലോചനയിലിരിക്കുന്നതേയുള്ളൂ.

MR. G. PARAMESWARAN PILLAI : എന്തായാലും മെഡിക്കൽ കൗൺസിലിലെ രജിസ്ട്രാർ ഒരു ഫുൾടൈം രജിസ്ട്രാർ ആയിരിക്കണം. കൗൺസിൽ ആദ്യം രൂപീകരിച്ചപ്പോൾ ഒരു കൊല്ലത്തേക്കു ഒരു രജിസ്ട്രാരെ നിയമിച്ചു. അടുത്ത കൊല്ലം അദ്ദേഹത്തിനു പകരം ഒരു ഫുൾ ടൈം രജിസ്ട്രാരെ കൗൺസിൽ തിരഞ്ഞെടുത്തു ഗവണ്മെൻറനുവാദത്തോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

നിയമിക്കേണ്ടതായിരുന്നു. എന്നാൽ ഗവണ്മെന്റ് അദ്ദേഹത്തിന്റെ കാലാവധി ഒരു കൊല്ലത്തേക്കു നീട്ടിക്കൊടുക്കുകയാണു ചെയ്തത്. ഇതു സ്റ്റാറ്റ്യൂട്ടനുസരിച്ചു ശരിയായ നടപടിയല്ല. ഇന്നത്തെ രജിസ്ട്രാർ അവർകൾ ബ്രിഗേഡ് ആശുപത്രിയിലെ ചാർജ്ജു വഹിക്കുന്ന ഒരു ഡാക്ടർ ക്രുടിയാണ്. അദ്ദേഹം കാര്യാന്തരങ്ങളാൽ ബദ്ധനാണ്. അതുകൊണ്ട് രജിസ്ട്രാർ എന്നുള്ള നിലക്കു ജോലി നിരവഹിക്കുന്നതിന് അദ്ദേഹത്തിനു വേണ്ടിടത്തോളം സമയം ലഭിക്കുന്നില്ല. അതുകൊണ്ട് കൗൺസിലിന്റെ ജോലി ശരിയായി നിർവഹിക്കണമെന്നുണ്ടെങ്കിൽ, പേരു രജിസ്റ്റർ ചെയ്വാൻ വന്നിട്ടുള്ള അപേക്ഷകളെപ്പറ്റി ശരിയായി ഗൗനിക്കണമെന്നുണ്ടെങ്കിൽ ഒരു ഫുൾ ടൈം രജിസ്ട്രാരെത്തന്നെ നിയമിക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണ്.

സിദ്ധവൈദ്യത്തെപ്പറ്റി ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. അതു വേദത്തിനും മുമ്പു ചികിത്സാപദ്ധതികളുണ്ട്. ദൈവീ, ആസുരി, മാനുഷീ എന്നവയാണ് ആ മൂന്നു പദ്ധതികൾ. ഇതിൽ സിദ്ധവൈദ്യം ദൈവീവിഭാഗത്തിൽ ഉൾപ്പെടുന്നു. അലോപ്പതിയിലെ ശസ്ത്രക്രിയാഭാഗം ആസുരീപദ്ധതിയും ഇന്ന് ആയുർവേദമെന്ന് അറിയപ്പെടുന്ന ഫലമൂലാദികളെക്കൊണ്ടുള്ള ചികിത്സ മാനുഷീപദ്ധതിയുമാണ്. അതു നിലക്ക് സിദ്ധവൈദ്യത്തേയോ അലോപ്പതിയിലെ ശസ്ത്രക്രിയാഭാഗത്തേയോ ആയുർവേദ വകുപ്പിൽനിന്നു മാറ്റിനിറുത്തിയിരിക്കുന്നതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല.

MR. C. P. GOPALA PANICKAR: സിദ്ധവൈദ്യം ആയുർവേദ ഡിപ്പാർട്ട്മെന്റിന്റെ അഭിമുഖ്യത്തിലാണ് ഇപ്പോൾ എടുത്തിരിക്കുന്നതു്.

MR. G. PARAMESWARAN PILLAI: അതു ഞാൻ മനസ്സിലാക്കിയിരുന്നില്ല. അതുകൊണ്ട് ആ വിഷയത്തെപ്പറ്റി കൂടുതൽ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ഇവിടെ എന്റെ ചില സ്നേഹിതന്മാർ വൈദ്യന്മാക്കു ഗ്രാന്റു കൊടുത്തതിനെപ്പറ്റി പ്രസ്താവിക്കുകയുണ്ടായി. എന്റെ ബഹുമാന്യ സ്നേഹിതനായ മി. വേലപ്പൻനായർ തിരുവിതാംകൂറിലെ ൪ ൫ കരകളിലും കൂടിയതു് ഓരോ വൈദ്യശാല എങ്കിലും ഉണ്ടായിരിക്കണമെന്നും ഓരോ വൈദ്യശാലക്കും ൫൦ രൂപാ വീതം ഗ്രാന്റു കൊടുക്കണമെന്നും അഭിപ്രായപ്പെട്ടു. അദ്ദേഹം ൫൦ രൂപാവീതം ഗ്രാന്റു കൊടുക്കണമെന്നു പറഞ്ഞതു് വളരെ കൂടിപ്പോയി എന്നാണ് എന്റെ അഭിപ്രായം. കൂടിയപക്ഷം ഒരു വൈദ്യശാലയ്ക്ക് ൨൦ രൂപയെങ്കിലും ഗ്രാന്റു് അനുവദിക്കേണ്ടതാണു്. ഞാൻ ഒരു വൈദ്യനായതുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Parameswaran Pillai]

വൈദ്യശാലകൾക്കു കൂടുതൽ ഗ്രാന്റു കൊടുക്കാൻ അഭിപ്രായപ്പെട്ടതു വെന്ന് എന്റെ ബഹുമാന്യസ്നേഹിതന്മാരാരും ധരിക്കരുതെന്നുപേക്ഷ. ജനങ്ങളെ സേവിക്കുന്നവർക്ക് സാമ്പത്തികമായ സഹായം അപരിത്യാജ്യമാണ്. ആ സഹായം എത്രയിതാതിലെങ്കിലും നൽകുവാൻ ഗവണ്മെന്റു തയ്യാറാകണം. ഈ അവസരത്തിൽ ഗവണ്മെന്റു ആയുർവേദ ഫാർമസിയെക്കുറിച്ചുകൂടി ഒരു വാക്കു പറയേണ്ടിയിരിക്കുന്നു. ഗവണ്മെന്റ് ഇപ്പോഴും നടത്തിവരുന്ന ഫാർമസി ഗവണ്മെന്റാശുപത്രികളുടെ ആവശ്യത്തിനോ പൊതുജനങ്ങളുടെ ആവശ്യത്തിനോ തീരെ പര്യാപ്തമല്ലാതെയാണിരിക്കുന്നത്. ഗവണ്മെന്റാശുപത്രികളിലെ രോഗികൾക്കുപോലും പുറമെയുള്ള വൈദ്യശാലകളിൽനിന്നും മരുന്നുകൾ വാങ്ങിച്ചാണ് ഇന്നു ആവശ്യം നിർവഹിക്കുന്നത്. ആ നിലയ്ക്ക് ഈ ഫാർമസി എന്തിനു വച്ചുകൊണ്ടിരിക്കുന്നു എന്നു ഞാൻ ചോദിക്കുന്നു. നല്ല ഒരു ഫാർമസി എല്ലാ മരുന്നുകളും തയ്യാറാക്കി പൊതുജനങ്ങൾക്കു പ്രയോജനകരമായി നടത്തുവാൻ വിചാരിക്കുന്നുവെങ്കിൽ, മറ്റുള്ള വൈദ്യന്മാരും ആശുപത്രികളും ആ ഫാർമസിയിലുള്ള മരുന്നു മുഴുവൻ എടുത്തുകൊള്ളുമെന്ന് എനിക്കു ധൈര്യമായി പറയുവാൻ കഴിയും. തിരുവനന്തപുരത്തെ ആയുർവേദ ഫാർമസി തിരുവനന്തപുരത്തുള്ള ആയുർവേദ ആശുപത്രിയിലെ രോഗികളുടെയും പൊതുജനങ്ങളുടെയും ആവശ്യത്തിനെങ്കിലും ഉപകരിക്കത്തക്കവണ്ണം വിപുലമായ തോതിൽ നടത്തുന്നുവെങ്കിൽ ആ സ്ഥാപനത്തിലെ ആദായംകൊണ്ടു മാത്രം ഈ ഡിപ്പാർട്ടുമെന്റിലേക്കാവശ്യമുള്ള ചെലവുകൾ നിർവഹിക്കപ്പെടുമെന്നാണ് എന്റെ അഭിപ്രായം.

MR. P. K. KURIAKOSE: തിരുവനന്തപുരത്തുള്ളവർക്കു മാത്രം നല്ല മരുന്നു കിട്ടിയാൽ മതിയെന്നാണോ മെമ്പരുടെ അഭിപ്രായം?

MR. G. PARAMESWARAN PILLAI: തോക്കിൽകേറി വെടിവയ്ക്കരുത്. ഞാൻ പറയാനുള്ളതു മുഴുവൻ പറഞ്ഞതിനുമേൽ ബഹുമാനപ്പെട്ട മെമ്പർ ചോദിക്കുന്നതു നന്നായിരിക്കും. സർ, താലൂക്കുതോറും, സ്കൂൾ മല്ലെങ്കിൽ ഡിവിഷൻതോറുമെങ്കിലും ഓരോ ആയുർവേദ ഫാർമസിയും ആശുപത്രിയും സ്ഥാപിക്കുന്നതായാൽ ഫാർമസികളിലെ ഔഷധവില്പനയിൽനിന്നുലഭ്യമാകാവുന്ന ആദായംകൊണ്ട് സ്ഥാപനങ്ങളുടെ ചെലവു നീക്കി ഗണ്യമായ ഒരു സംഖ്യ ഗവണ്മെന്റിനു മിച്ചമുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഒരു ആയുർവേദവൈദ്യനാണെങ്കിലും ഹോമിയോപ്പതി ചികിത്സയെ സംബന്ധിച്ചുകൂടി അല്പം പറയാതെ നിവൃത്തിയില്ല. ഹോമിയോപ്പതി ചികിത്സ കുട്ടികളുടെ രോഗങ്ങൾക്കു വളരെ ഫലപ്രദമായിട്ടുണ്ടെന്നുള്ള അനുഭവമുണ്ട്. ഹനീമാൻ എന്ന ആളാണ് ഈ വൈദ്യത്തിന്റെ ഉപജ്ഞാതാവ്. ഇതിനു പരീക്ഷകരും വല്ലഭരും ഉണ്ടോ എന്നു ചിലർ ചോദിക്കുമായിരിക്കാം. ഹനീമാൻ ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം കല്ക്കട്ടയിലുണ്ട്. അവിടെ ഇതു സംബന്ധിച്ച ചില പരീക്ഷകരും ഏർപ്പെടുത്തിയിട്ടുണ്ടെന്നു് എനിക്കറിയാം. അതു പരീക്ഷപാസ്സായവർ വളരെപ്പേർ ഈ നാട്ടിലുണ്ട്. ഹോമിയോപ്പതി ചികിത്സാസമ്പ്രദായത്തെയും ഇപ്പോൾ നമ്മുടെ ബഹുമാനപ്പെട്ട ഗവണ്മെൻറു മെഡിക്കൽ അക്കിന്റെ പരിധിയിൽപ്പെടുത്തി അംഗീകരിച്ചിട്ടുണ്ടല്ലോ.

MR. K. A. MATHEW : അതു് ഹനുമാനോ? (ചിരി)

PRESIDENT : He died some 150 years ago.

MR. G. PARAMESWARAN PILLAI : അതെ. ഹനീമാൻ എന്ന ആളാണ് ഈ ചികിത്സാസംപ്രദായം നടപ്പിൽ വരുത്തിയതു്. ആ ചികിത്സകൊണ്ടു് ആർക്കും ഒരു ദോഷവും ഉണ്ടാകുന്നില്ല. ഗുണമുണ്ടുതാനും. അതുകൊണ്ടു് ഹോമിയോപ്പതി ചികിത്സാസംപ്രദായത്തിനും സഹായധനം കൊടുത്തു പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതിലേക്കുകൂടി ഗവണ്മെൻറിന്റെ ശ്രദ്ധയുണ്ടാകണമെന്നു് ഈ അവസരത്തിൽ പറഞ്ഞുകൊള്ളട്ടെ.

MR. V. MADHAVAN NAIR : സർ, പാശ്ചാത്യചികിത്സാ സംമ്പ്രദായം പ്രചാരത്തിൽ വരുന്നതോടും, ആയുർവേദ ചികിത്സക്കു വലിയ ഉടവു തട്ടുന്നു എന്നു് ഇവിടെ പലരും പറയുകയുണ്ടായി. അലോപ്പതിവൈദ്യം ഇത്രമാത്രം പ്രചാരത്തിൽ വന്നിട്ടും, ഗവണ്മെൻറിന്റെ സഹായം വിപുലമായതോതിൽ ആ വൈദ്യത്തിനു ലഭിച്ചുകൊണ്ടിരുന്നിട്ടും ഇന്നും ആയുർവേദത്തിനൊരു സ്ഥാനം നമ്മുടെ നാട്ടിലുണ്ട്. അലോപ്പതി വൈദ്യന്മാർ ഭാരതത്തിൽ ആകെ നാല്പതിനായിരം പേർ വരുമെന്നാണ് പറയുന്നതു്. നാല്പതുകോടി ജനങ്ങളോളം അധിവസിക്കുന്ന ഈ രാജ്യത്തു് ഇന്നും ആയുർവേദത്തെ ആശ്രയിച്ചാണു് ബഹുഭൂരിപക്ഷം ജനങ്ങളും വൈദ്യസംബന്ധമായ കാര്യങ്ങൾ നിർവഹിച്ചുപോരുന്നതെന്നു എല്ലാവർക്കും

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. Madhavan Nair]

അറിയാം. ഈ ആയുർവേദചൈദ്യത്തിന് നമ്മുടെ ഗവണ്മെൻറു കായ്മായ സഹായങ്ങളും ഒന്നുംതന്നെ ചെയ്യുന്നില്ല. ആയുർവേദചൈദ്യം ഭാരതീയസംസ്കാരത്തിൻെറ ഒരു വലിയ നേട്ടമാണെന്നുള്ളതിന് യാതൊരു സംശയവുമില്ല. അതുകൊണ്ട് ഭാരതീയ സംസ്കാരത്തെ രക്ഷിക്കേണ്ടവരും, അതുകൊണ്ട് പ്രയോജനം സിദ്ധിക്കേണ്ടവരുമായ നമ്മുടെ നാട്ടുകാർ കഴിവുള്ളതു സഹായങ്ങളും, പരിശ്രമങ്ങളും ചെയ്യേ ആയുർവേദചികിത്സാ സമ്പ്രദായത്തെ സംരക്ഷിക്കേണ്ടതു് അത്യാവശ്യമാണ്. കേരളത്തിനു പൊതുവായും, തിരുവിതാംകൂറിനു പ്രത്യേകമായും ആയുർവേദത്തെ സംരക്ഷിച്ചുകൊണ്ടുപോകുന്നതിന് ചില കടമകളുണ്ട്. ആയുർവേദം പൊതുവേ ഉയർത്തിക്കൊണ്ടുവരുവാൻ ഒരു വ്യക്തിയെക്കൊണ്ടോ ഒരു സംഘടനയെകൊണ്ടോ സാധ്യമല്ല. ഈ കല നമ്മുടെ സ്വത്താണ് നമുക്കു അത്യാവശ്യമാണ് എന്നു വിചാരിച്ച് തിരുവിതാംകൂർപോലെയുള്ള നാട്ടുരാജ്യഗവണ്മെൻറുകൾ തന്നെ ഇക്കാര്യത്തിൽ നേതൃത്വം വഹിച്ച് പരിശ്രമിക്കേണ്ടതാണ്. ഇന്ന് ഒരു ഭാരതീയ സംസ്കാരത്തിൻെറ നട്ടനായകവും, അതിനെ പുലർത്തിക്കൊണ്ടുവരുവാൻ എല്ലാവിധത്തിലും കഴിവും ഉള്ള ഒരു മഹാനെ ഭരണസാരഥ്യം വഹിക്കുന്നതിലേക്കായി തിരുവിതാംകൂറിനു നേടുവാൻ സാധിച്ചിട്ടുണ്ട്. ഉദാരമതിയായ നമ്മുടെ മഹാരാജാവു തിരുമനസ്സിലെ കാലത്തു്, ഇതുകഴിവുള്ള അങ്ങയുടെ ഉപദേശം അവിടുന്നുക്കു് ലഭിക്കുവാൻ സൗകര്യമുള്ള ഈ കാലത്തു്, ആയുർവേദത്തിൻെറ ഉന്നമനത്തിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കാതിരുന്നാൽ, അതു് വലിയൊരു നഷ്ടമായി ഇവിടത്തെ പ്രജാസഞ്ചയം കരുതുന്നതാണ്.

കേരളത്തിലെ ചികിത്സാസമ്പ്രദായത്തിനു് മറുരാജ്യങ്ങളെ അപേക്ഷിച്ചു് പല വിശേഷങ്ങളുമുണ്ട്. പ്രധാനമായി പഞ്ചകർമ്മയാഗം കേരളത്തിനു പ്രത്യേകമുള്ളതായി ഞാൻ അറിയുന്നു. മറുദിക്കുകളിൽ വസ്തി, ശോധന, മുതലായ ചികിത്സാവിധികളാണ് ഇല്ലെന്നാണ് എൻെറ അറിവു്. ശമനശാഖ, ശോധനശാഖ, എന്നിങ്ങനെ രണ്ടു ശാഖകളും ആയുർവേദചികിത്സയിലുണ്ട്. അതിൽ ശോധനശാഖയിലുള്ള വസ്തിപ്രയോഗം വളരെ ഫലിക്കുന്നതാണ്. അടുത്തകാലംവരെ ഈ ശാഖയിൽ വളരെ പ്രാവീണ്യം സമ്പാദിച്ചിട്ടുള്ള പല മഹാന്മാരും നമ്മുടെയുണ്ടായിരുന്നു. ഇപ്പോഴും ഇല്ലാതില്ല. തൃപ്പൂണിത്തുറയിൽ വലിയ പ്രസിദ്ധനായ ഉഴുവായൂർ ഉണ്ണിത്താൻ ഉണ്ടായിരുന്നു. അദ്ദേഹം ഈ വസ്തിപ്രയോഗത്തിൽ വളരെ പ്രാവീണ്യം സിദ്ധിച്ച ഒരാളായിരുന്നുവെന്നു

LIBRARY ARCHIVES Kerala Legislative Assembly

തൃപ്പൂണിത്തുറയോടടുത്തു പരിചയംഉള്ള എനിക്കറിയാം. അടുത്തകാലത്തു മരിച്ചുപോയ പാണാവള്ളിയിൽ കൃഷ്ണൻവൈദ്യനും ഈ വിദ്യയിൽ പാടവമുള്ള ഒരാളായിരുന്നു. ഇന്നും ഇതറിയാവുന്ന ചില വൈദ്യന്മാർ ജീവിച്ചിരുപ്പുണ്ട്. ഇവരെല്ലാം ഇന്നത്തെ നിലയുള്ള കാളേജുവിദ്യാഭ്യാസമോ, പരിഷ്കൃതരീതിയിൽ പ്രസംഗം ചെയ്യുന്നതിനുള്ള വിജ്ഞാനമോ സമ്പാദിച്ചവർ അല്ലായിരിക്കും. ഈ വിദ്യയെപ്പറ്റി കാളേജിൽ വന്നു ഒരു ലക്ചർ ചെയ്യണമെന്നു ഇവരോടു പറഞ്ഞാൽ അതിനുള്ള സാമർത്ഥ്യം ഇവർക്കുണ്ടായിരിക്കയില്ല. എന്നാൽ, ചികിത്സിക്കുന്നതിൽ ഇവർ സമർത്ഥന്മാരാണു്. അങ്ങനെ പ്രാവീണ്യമുള്ള ഇവരെ കാളേജിൽ നിയമിച്ചില്ലെങ്കിലും, ആയുർവേദ ആശുപത്രികളിൽ അവരെക്കൂടി നിയമിച്ചു് അവരുടെ കീഴിൽ ഇപ്പോഴം കാളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു് ഇതിനെപ്പറ്റി പരിശീലനം നൽകുന്നതിനുള്ള സൗകര്യംകൂടി ഉണ്ടാക്കിക്കൊടുക്കേണ്ടതാണു്.

കേരളത്തിനു് ആയുർവേദവൈദ്യത്തെ സംബന്ധിച്ചിടത്തോളം അഭിമാനിക്കാനുള്ളതായി മറ്റൊരു നേട്ടം കൂടിയുണ്ടു്. ഇതിൽ പ്രസിദ്ധി സമ്പാദിച്ചിട്ടുള്ള അഷ്ടവൈദ്യകുടുംബങ്ങൾ നമുക്കു ഒരു വലിയ നേട്ടം തന്നെയാണു്. അവക്കും ഗവണ്മെൻറിൽനിന്നും വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കേണ്ടതാകുന്നു. അടുത്തകാലത്തു് ആയുർവേദഡിപ്പാർട്ടുമെൻറിൻറെ ഡയറക്ടർസ്ഥാനം വഹിച്ചിരുന്ന ദേഹം അങ്ങനെയുള്ള ഒരു കുടുംബത്തിൽപ്പെട്ട ആളായിരുന്നു. ഇവരുടെ സഹായസഹകരണങ്ങൾകൂടി ആയുർവേദ ആശുപത്രികളുടെ നടത്തിപ്പിൽ ആവശ്യപ്പെടുന്നതു പ്രയോജനകരമായിരിക്കും.

ഒരു കാര്യം തീർച്ചയാണു്. പാശ്ചാത്യവൈദ്യസമ്പ്രദായമെത്രമാത്രം മുന്നോട്ടുവന്നാലും എണ്ണ, കുഴമ്പു് മുതലായ കാര്യങ്ങൾക്കു കിലും ആയുർവേദവൈദ്യത്തെ ആശ്രയിക്കാതെ നിവൃത്തിയില്ല. ഇപ്പോഴം ആയുർവേദം ശരീയായ അനുഭവത്തിൽ വരുന്നതിനും, അതിൻറെ ഫലം ജനങ്ങളിൽ പരക്കെ ഉളവാക്കുന്നതിനും പ്രതിബന്ധമായി നിൽക്കുന്നതു് പച്ചമരുന്നുകൾ കിട്ടാനുള്ള വിഷമമാണു്. മുൻപു, ഏതെങ്കിലും ഒരു മരുന്നു് എവിടെ ഉണ്ടെന്നു് ആർക്കും അറിയുവാൻ കഴിഞ്ഞിരുന്നു. എന്നാൽ ഇന്നു് ഇന്ന മരുന്നു് ഇന്നിടത്തു ഉണ്ടെന്നു് ആർക്കും പറയുവാൻ കഴിയുകയില്ല. മുൻപു മരുന്നുകൾ കൂടുതൽ കാടുകളിൽ നിന്നോ, വെളിപ്പറമ്പുകളിൽ നിന്നോ സുലഭമായി കിട്ടുമായിരുന്നു. ഇന്നാകട്ടെ, ഈ കാടുകളും വെളിപ്പറമ്പുകളും എല്ലാം കൃഷിചെയ്യുന്ന ഭൂമികളാക്കി മാറ്റിയിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. Madhavan Nair]

ളകൊണ്ടു അവിടെ നിന്നും പച്ചമരുന്നുകൾ പറിച്ചെടുക്കുവാൻ നിവൃത്തിയില്ലാത്ത വരുന്നു. ഇന്നു് കച്ചവടക്കാരുടെ കയ്യിലാണു് പച്ചമരുന്നുകൾ ഇരിക്കുന്നതു്. ഇവർ മരുന്നു കൊടുക്കുന്നതിൽ വലിയ ശ്രദ്ധയൊന്നും കാണിക്കാറില്ല. ഒരു പ്രസിദ്ധനായ വൈദ്യൻ, പന്തളം കൃഷ്ണവാര്യർ അവർകൾ—ഇപ്പോൾ അദ്ദേഹം അന്തരിച്ചുപോയി—ഒരിക്കൽ കുറെ പച്ചമരുന്നു വാങ്ങിക്കുവാൻ ഒരു കച്ചവടക്കാരന്റെ അടുക്കൽ ചെന്നു. ദശമൂലം മരുന്നുകളാണു് അദ്ദേഹം ആവശ്യപ്പെട്ടതു്. ഉടനെ ആ കച്ചവടക്കാരൻ മരുന്നുകൾ എടുക്കുന്നതിൽ ഒരു വലിയ പാത്തിരി വേരെടുത്തു് അതിന്റെ ഒരറ്റം പാതിരിവേരായിട്ടും, മറ്റെയറ്റം കുമ്പിൾവേരായിട്ടും അദ്ദേഹത്തിനു കൊടുത്തു. ഈ സൂത്രം അദ്ദേഹത്തിനു മനസ്സിലായി. ഇതു് എങ്ങനെ എനിക്കു തരാമെന്നു നിശ്ചയിച്ചു എന്നു് അദ്ദേഹം ചോദിച്ചപ്പോൾ, ദശമൂലത്തിനു എല്ലാമരുന്നുകളും വേണമെന്നില്ല, ഒന്നോ രണ്ടോ മരുന്നുകൾ കുറഞ്ഞാലും തരക്കേടില്ല എന്നാണു് ആ കച്ചവടക്കാരൻ പറഞ്ഞ മുറുപടി. ഈ തത്ത്വത്തിലാണു് ഇന്നത്തെ ചില കച്ചവടക്കാർ പച്ചമരുന്നുകൾ കൊടുക്കുന്നതു്. പച്ചമരുന്നിനു പകരം ഉണങ്ങിയ മരുന്നുകളും ഇപ്പോൾ കൊടുത്തുതുടങ്ങിയിട്ടുണ്ടു്. ഇതിനു പരിഹാരമായി എനിക്കു നിർദ്ദേശിക്കുവാനുള്ളതു് ഗവണ്മെന്റിന്റെ അഭിമുഖ്യത്തിൽ തന്നെ നിവൃത്തിയുള്ള പക്ഷം, ഓരോ പക്തിതോറും പച്ചമരുന്നു തോട്ടങ്ങൾ സ്ഥാപിക്കണമെന്നാണു്. അതിനു നിവൃത്തിയില്ലാത്തപക്ഷം സർക്കാരുമായുള്ള സ്ഥലങ്ങളിലെങ്കിലും സ്ഥാപിച്ചുകൊടുക്കേണ്ടതാണു്. അങ്ങനെയുള്ള തോട്ടങ്ങൾ ഉണ്ടാക്കുവാൻ ആരെങ്കിലും മുന്നോട്ടുവരുന്നപക്ഷം അവരെ കഴിയുന്നതു പ്രോൽസാഹിപ്പിക്കണമെന്നുകൂടി ഞാൻ ഈയവസരത്തിൽ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

PRESIDENT: The latter procedure would be preferable.

MR. V. MADHAVAN NAIR: അതിനു അങ്ങയോടു നന്ദിപറയുന്നു. ആയുർവ്വേദ ഗ്രാന്റുവൈദ്യന്മാർക്കു് ഇപ്പോൾ കൊടുത്തുവരുന്ന സഹായധനത്തെപ്പറ്റി എന്റെ മുൻഗാമികൾ ഇവിടെ ചിലതെല്ലാം പ്രസ്താവിക്കയുണ്ടായി. പതിനഞ്ചുരൂപാ ഗ്രാന്റു തീരെപോരാ എന്ന അഭിപ്രായക്കാരനാണു് ഞാൻ. അതുകൊണ്ടു് ഗ്രാന്റു കുറെക്കൂടി വർദ്ധിപ്പിക്കേണ്ടതാണു്.

ഏതായാലും ആയുർവ്വേദ വൈദ്യസമ്പ്രദായത്തെ കഴിവുള്ളിടത്തോളം പ്രചരിപ്പിക്കണമെന്നുള്ള ഉദ്ദേശം ഗവണ്മെന്റിനും ജനങ്ങൾക്കും ഉണ്ടാകേണ്ടതാണു്. അതുകൊണ്ടു് ഉദാരമായ സഹായങ്ങൾ ചെയ്തു ഈ ശാഖയെ പുഷ്ടിപ്പെടുത്തുവാൻ ഗവണ്മെന്റു കയ്യുമായി ശ്രമിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLAI: Sir, I would not have risen to speak a few words on this matter but for the self complacency with which the Government have been dealing with the medical services in the State. I have to give certain figures in support of the position that I propose to take and I have to make some references to the department concerning.....

PRESIDENT: Is it on the Medical or Ayurveda?

MR. K. K. CHELLAPPAN PILLAI: I want to speak on the Ayurveda in relation to Medical.

PRESIDENT: But the honourable member must know that the Medical Grant has been voted upon and there could be no discussion of that demand.

MR. K. K. CHELLAPPAN PILLAI: I will refer to an aspect and say that the medical service conducted here is quite inadequate and that Ayurveda could supplement.....

PRESIDENT: But any criticism of the Medical Department as such would be inappropriate here excepting by way of illustration.

MR. K. K. CHELLAPPAN PILLAI: I am just going to point out how the existing medical service is inadequate and how Ayurveda could supplement it. If there is closer co-ordination between Ayurveda and the Medical Departments, it may be possible to render efficient service to the people of the State. For that purpose I will illustrate how from very many years back we have been dealing with the whole medical services and spending for the same. In the year 1080 we had spent 4 per cent. of the State revenue; in 1090 also 4 per cent. was spent; in 1100 it was 4·3 per cent.; in 1110 the figure is 5·2 per cent. In 1120 we have spent only 2·9 per cent., when the price of medicine was very high. Sir, with regard to the actual statistics.....

PRESIDENT: The honourable member must also remember that many of these highly prized medicines available in olden days are not now obtainable. Otherwise, it would have been much higher.

MR. K. K. CHELLAPPAN PILLAI: So much is the expenditure side. With regard to actual statistics of doctors, nurses hospitals etc., we shall just see. Altogether there are 115 hospitals including dispensaries and 170 doctors including 60 honorary surgeons, 182 nurses and 106 midwives. Sir, when we just compare with British Indian Hospitals.....

PRESIDENT: Please compare with Madras.

MR. K. K. CHELLAPPAN PILLAI: I will compare that with British India as a whole.

PRESIDENT: But Madras is much better. Has the honourable member got the figures for Madras?

MR. K. K. CHELLAPPAN PILLAI: Not at present. But I have known from reports that when compared with the whole of British India Madras is much better.....

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: The number of medical men in Madras and number of hospitals and dispensaries in Madras are much better. Does the honourable member possess any figure for Madras?

MR. K. K. CHELLAPPAN PILLAI: The comparative figures for British India and Travancore are the following:

	British India.	Travancore.
One hospital for	41,000	54,800
One bed for	4,000	1,500
One nurse for	86,000	35,000
One doctor for	9,000	37,000

We can see that in the the matter of beds and nursing staff we are better, but in the matter of hospitals we are worse off. In the number of doctors we are disgracefully low.

MR. A. K. BHASKAR: Sir, on a point of order. My friend is speaking on the Medical demand when we are at Ayurveda. Is he in order?

PRESIDENT: As a matter of fact this was just what I was referring to. I felt nearly certain that there is some catch in the figures quoted by the honourable member and speaking from my own personal experience as one who held Government offices for a period of 5½ years in Madras, I can certainly say that there are more hospitals and dispensaries proportionately here than in Madras. But apparently the honourable member's figures are different and how can they be tested now. The honourable member did not raise these matters in the Medical Grant.

MR. K. K. CHELLAPPAN PILLAI: There was no opportunity for that.

PRESIDENT: Order, order. These figures will go down to the papers and to the public. But the department cannot answer for these statistics.

MR. K. K. CHELLAPPAN PILLAI: But the statistics furnished by me are gathered from blue book reports for 1939 and so.....

PRESIDENT: These statistics may or may not be accurate and one has the right to test them. If the honourable member has some object—I take it that he has either to satisfy this House or the public. But this House has considered the Medical Grant and the inadequacy of medical treatment. Therefore, inadequacy of medical treatment in comparison to British India was one of the most vital matters to be brought up in that grant. The honourable member did not do so. Not having given a cut motion to raise such points, I find the honourable member is trying to raise these points in a different demand.

MR. K. K. CHELLAPPAN PILLAI: Sir, I had given a cut motion under Medical demand.

PRESIDENT: Order, order. Not having given a cut motion the honourable member wrote to me for permission to speak on Ayurveda. Thereupon he has been now called by me to speak.

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLAI: Even though I had given a cut motion under the Medical demand, as motion No. 415, I was not called by the President, of course, due to want of time.

PRESIDENT: The cut motion may not be in order. Now having given an opportunity to speak on Ayurveda demand, the honourable member is dealing with the Medical grant.

MR. K. K. CHELLAPPAN PILLAI: May I explain my position, Sir.

PRESIDENT: Order, order. The honourable member after having found at the close of the discussion on the Medical Grant no opportunity to speak, wrote to me and asked permission to speak. It would have been legitimate on his part to indicate as forcibly as he liked the inadequacy of medical treatment as compared with British India. He did not do so. To give now these figures in relation to Ayurveda which cannot be controverted or even checked by any one, for which no answers could be given, is a serious matter. Until this time next year when the Budget is under discussion, these questions cannot be answered. Considering all these aspects, the position of the honourable member is very unfair.

MR. K. K. CHELLAPPAN PILLAI: I am speaking about the inadequacy of medical treatment and say that Ayurveda can remedy it.

PRESIDENT: Order, order. If the honourable member wants to speak on the inadequacy of medical treatment, that subject should have come under Medical budget. In this demand, you can speak about Ayurveda treatment.

MR. K. K. CHELLAPPAN PILLAI: May I bring to the notice of the Chair the cut motion given notice of by me under the Medical grant.

PRESIDENT: If that is not reached, what right have you to speak on that?

MR. K. K. CHELLAPPAN PILLAI: That is not my fault.

PRESIDENT: Do you remember at the last moment when you wanted to speak, as between you and the Surgeon-General, the House decided that the Surgeon-General should reply, as a consequence of which you had no turn then. I am afraid, you cannot speak on the Medical demand at this stage of the discussion.

MR. K. K. CHELLAPPAN PILLAI: Then, Sir, I do not proceed further with that. I will offer my remarks on the Ayurveda, in relation to the Medical services. When there is inadequate Allopathic medical service Ayurveda system of treatment can supplement medical aid. One Ayurveda hospital can supply the need for at least one thousand people. Even one Ayurveda dispensary will certainly meet all requirements of so many persons in the rural areas. At least for one pakuthi an Ayurveda dispensary should be established and free medical aid may be given. The establishment of good dispensaries will entail much more expense than what is provided for here in the budget. I mean that a modernised system of Ayurveda will certainly meet the requirements. If that system is very well co-ordinated,

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Chellappan Pillai]

the whole population may certainly and really be served and the deficiency in Allopathic treatment will certainly be duly compensated. It is also my view that something more has to be done for improving the system of treatment. The Ayurveda system that is now being practised is not modern. An attempt in that direction is being made in Madras as well as in Benares. What is done here is not sufficient for the purpose. Much more has to be done to this system of treatment so that it may deserve the commendation and confidence of the people at large and I am sure if proper steps are taken towards it it will certainly meet with the appreciation and approval of the general public. In each pakuthi, as Mr. Madhavan pointed out, facilities should be provided for cultivating herbs and plants of medicinal value. People of this country who have faith in the indigenous system of medicine will appreciate its full value in its financial aspect also in that they will not be required then to pay heavily for the Ayurveda medicine. Again, large sums of money spent in the purchase of Allopathic medicine can also be saved, both for the State and the individuals.

With regard to the nursing service also, Ayurveda system stands in need of some improvement. The Administration Report discloses that something has been done in that direction, I urge that new service may be extended to rural parts. The importance of the nursing service cannot be minimised. The inadequacy of that must be compensated.

Much has been said for the encouragement of the Homeopathic system of treatment. I agree with it completely and do not wish to add anything further to that.

MR. C. P. GOPOALA PANICKAR സർ, വൈദ്യസഹായം, മഹാരാജാവുതിരുമനസ്സിലെ എല്ലാ പ്രജകൾക്കും എപ്പോഴും സൗകര്യമായി ലഭിക്കത്തക്കവിധത്തിലുള്ള ഒരു നയം ഗവണ്മെൻറു കൈക്കൊണ്ടിട്ട് ഇപ്പോൾ മൂന്നുകൊല്ലമായി. അതു പ്രായോഗികമാക്കുന്നതിന് ഗവണ്മെൻറ് എന്തെല്ലാം ചെയ്തിട്ടുണ്ടെന്നും, അടുത്തകാലത്തു് എന്തെല്ലാം ചെയ്യാൻ പോകുന്നുവെന്നും ബഹുമാനപ്പെട്ട മെമ്പർക്കു് അറിയുന്നതിനു താല്പര്യമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

മി. കേശവൻ നായർ പറഞ്ഞതുപോലെ കഴിഞ്ഞകൊല്ലം ഈ വിഷയത്തിൽ ഏതാനും ചില പരിഷ്കാരങ്ങൾ ഗവണ്മെൻറു നടപ്പിലാക്കി. ആ പരിഷ്കാരങ്ങളോടു ബഹുമാനപ്പെട്ട മെമ്പറന്മാർക്കു് ആനുകൂല്യമാണുള്ളതെന്നു് ഈ സഭയിൽ അവർ അതിനെപ്പറ്റി പുറപ്പെടുവിച്ച അഭിപ്രായങ്ങളിൽനിന്നു് മനസ്സിലാക്കുവാൻ കഴിഞ്ഞു. ഏതെങ്കിലും ഒരു വൈദ്യസംപ്രദായം മുൻപോട്ടുകൊണ്ടുപോകണമെങ്കിൽ,

LIBRARY ARCHIVES Kerala Legislative Assembly

അതിന് പാകതയും, പരിശീലനവും ഉള്ള വൈദ്യന്മാരെയാണ് എന്നാമതായി ലഭിക്കേണ്ടത്. ആയുർവ്വേദചികിൽസാ സംപ്രദായപ്രകാരം വേണ്ട പരിശീലനം സിദ്ധിച്ച അധികം ആളുകളെ കിട്ടുന്നതിന് ഏഴെട്ടുപ്രമല്ലെന്നുള്ള ബോദ്ധ്യംവന്നു. അതുകൊണ്ടു ആ കുറവിനെ പരിഹരിക്കുന്നതിനാണ് ഗവണ്മെന്റു ആദ്യമായി ശ്രമിച്ചത്. ഇൻഡ്യയിൽ മറ്റുരാജ്യങ്ങളിൽ ആയുർവേദകാളേജുകളും ഏർപ്പെടുത്തുന്നതിനു മുൻപുതന്നെ ഇവിടെ ഒരു ആയുർവേദകാളേജുണ്ടായി. എന്നാൽ, അതു രാജ്യത്തിന്റെ ഇന്നത്തെ ആവശ്യത്തിനു പര്യാപ്തമായ വിധത്തിലുള്ള ഒരു ഇൻസ്റ്റിറ്റൂഷൻ അല്ലാത്തതുകൊണ്ടു് പരിഷ്കൃതസംപ്രദായം അനുസരിച്ചുള്ള ചികിൽസാക്രമങ്ങൾ അഭ്യസിക്കുന്നതിനാണ് ഗവണ്മെന്റു ആദ്യമായി ശ്രമിച്ചതു്. മുന്നുകൊല്ലത്തെ പരിശീലനം മാത്രമായിരുന്നു മുൻപു് കലാനിധിക്കു് നിശ്ചയിച്ചിരുന്നതു്. ഇതുപോലും കാലത്തെ പരിശീലനം മതിയാകയില്ലെന്നു് കാണുകയാൽ, പരിശീലന കാലാവധി അഞ്ചു് കൊല്ലം വേണമെന്നു നിശ്ചയിച്ചു. അതിലേയ്ക്കു് അഭ്യസനം നൽകുവാൻ പ്രത്യേകം വൈദഗ്ദ്ധ്യമുള്ള ആളുകളേയും നിയമിച്ചു. ഈ നിലയിൽ പരിശീലനം നിരന്തരമായി തുടർന്നുകൊണ്ടു പോകുകയാണെങ്കിൽ, അധികം താമസിയാതെതന്നെ ആവശ്യമുള്ളിടത്തോളം വൈദ്യന്മാർ ഈ നാട്ടിൽ ഉണ്ടായിരിക്കുമെന്നുള്ളതിനും സംശയമില്ല.

MR. T. P. PULIYOOR VELAYUDHAN PILLAI: ഇപ്പോൾ പ്രസ്താവിച്ചതു് വാസ്തവമാണോ എന്നറിഞ്ഞാൽ കൊള്ളാം.

MR. C. P. GOPALA PANICKAR: അതിലേക്കു് പ്രത്യേകം പാഠപദ്ധതികളും നിശ്ചയിച്ചു; അതിനുവേണ്ട പുസ്തകങ്ങളും ഉണ്ടാക്കി, മുന്നുകൊല്ലം പരിശീലനം നടത്തിക്കഴിഞ്ഞു. രണ്ടുകൊല്ലംകൂടി കഴിയുമ്പോൾ ആയുർവേദചികിൽസ നടത്തുവാൻ പരിപക്വതയുള്ള കുറെ വൈദ്യന്മാരേക്കൂടി നമുക്കു ലഭിക്കുന്നതാണ്.

MR. K. R. NARAYANAN: രണ്ടുകൊല്ലം കൂടിയുമ്പോൾ, നമുക്കു എത്ര വൈദ്യന്മാരെ ലഭിക്കും?

MR. C. P. GOPALA PANICKAR: ഇപ്പോൾ നാൽപ്പതുപേരുണ്ടു്. വളരെ കൊല്ലത്തേയ്ക്കു് ഈ അഭ്യസനം തുടർന്നുകൊണ്ടു പോകുന്നതാണ്. അപ്പോൾ പ്രാപ്തിയും, പക്വതയുമുള്ള വൈദ്യന്മാരെ കിട്ടാനുള്ള വൈഷമ്യം ഇല്ലാതാകും. വൈദ്യന്മാരെ കിട്ടിക്കഴിഞ്ഞാൽ പിന്നെ അടുത്ത പ്രശ്നം മരുന്നിനെപ്പറ്റിയാണ്. അതിലേക്കു് ആയുർവ്വേദകോളേജിന്റെയും, യൂണാനിവഴ്സിറ്റിയുടേയും മേൽനോട്ടത്തിൽ ഒരു ബൊട്ടാണിക്കൽ ഗാർഡൻ ഉണ്ടാക്കുമെന്നു് ഗവണ്മെന്റു നിശ്ചയിച്ചു. യൂണിവേ

LIBRARY ARCHIVES Kerala Legislative Assembly

[C. P. Gopala Panickar]

ഴ്സിററി, കാഴ്ചബംഗ്ലാവിന് സമീപം ഒരു ബൊട്ടാണിക്കൽ ഗാർഡൻ ഏർപ്പെടുത്തി. അവിടെ, അപൂർവ്വമായ മരുന്നുകൾ നട്ടുവളർത്തുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. പോരാതെ വരുന്നപക്ഷം മറു പ്രകാരത്തിൽ മരുന്നുവാങ്ങി കൊടുക്കുവാനും ഗവണ്മെൻറിന് ഉദ്ദേശ മുണ്ട്. ഇപ്രകാരമുള്ള തോട്ടങ്ങൾ നിർമ്മിക്കുന്നതിന് ഗ്രാൻറ് കൊടു ക്കാനും ഗവണ്മെൻറ് തയ്യാറാണെന്ന് ദിവാൻജി അവർകൾ ഇവിടെ പ്രസ്താവിക്കയുണ്ടായല്ലോ.

ഇതെല്ലാമായാലും വേറൊരു പ്രധാനകാര്യംകൂടി അത്യാവശ്യമാണ്. ഏതെങ്കിലും ഒരു കാര്യത്തിൽ ജനസാമാന്യത്തിനു പരിപൂർണ്ണമായ വി ശ്വാസം ഉണ്ടെങ്കിലല്ലാതെ, ഗവണ്മെൻറ് എത്ര പണം ചെലവാക്കി യാലും ആ പ്രസ്ഥാനം അഭിവൃദ്ധിപ്പെടുകയില്ല; അതുകൊണ്ടു ജനങ്ങ ൾക്ക പ്രയോജനവുമുണ്ടാകയുമില്ല. ആയുർവേദ ചികിത്സാ സമ്പ്രദായത്തെ പ്പററി ജനങ്ങൾക്ക നാൾക്കുനാൾ വിശ്വാസം വർദ്ധിച്ചുവരുന്നുണ്ടെന്നും, കഴിഞ്ഞകൊല്ലത്തേക്കാൾ കൂടുതൽ വിശ്വാസം ജനങ്ങൾക്ക് ഇപ്പോൾ ഉണ്ടായിട്ടുണ്ടെന്നും ഇവിടത്തെ വാദപ്രതിവാദം കേട്ടതിൽ നിന്ന് ഗവ ണ്മെൻറിന് ബോദ്ധ്യമായി. ഇനിയും ഈ ചികിത്സാ സമ്പ്രദായത്തിൽ ജനങ്ങൾക്ക് കൂടുതൽ വിശ്വാസം ഉള്ളതായി കാണുന്ന പക്ഷം, വൈദ്യ ശാലകൾക്ക കൂടുതൽ കൂടുതൽ ഗ്രാൻറ് നൽകിയും മറും ഇതിനെ പ്രോത്സാഹിപ്പിക്കുവാൻ ഗവണ്മെൻറ് ഒട്ടും മടിക്കുന്നതല്ലെന്നും കാലാ ന്തരത്തിൽ കുറഞ്ഞപക്ഷം ൭൦൦൦ പേക്കെങ്കിലും ഒരു വൈദ്യശാല വ്യാപ്തം സ്ഥാപിക്കുവാൻ കഴിയുമെന്നും പറയാവുന്നതാണ്.

MR. P. K. KURIAKOSE: ഇതിൻെറ ഫലം ശരിയായി കാണുമ്പോൾ ജനങ്ങൾക്ക് ഈ ചികിത്സാ സമ്പ്രദായത്തിൽ കൂടുതൽ വിശ്വാസമാ യോന്നുകയില്ലേ?

MR. C. P. GOPALA PANICKAR: അതു കരുതിയാണ് ഗവണ്മെൻറ് കൂടുതൽ കൂടുതൽ പണം ആണ്ടുതോറും ആയുർവേദചികിത്സയ്ക്കായി അനു വദിച്ചുകൊണ്ടിരിക്കുന്നത്.

ജനസാമാന്യത്തിന് വിശ്വാസമുണ്ടാകുമ്പോൾ കൂടുതൽ കൂടുതൽ പണം അനുവദിക്കുന്ന നയമാണ് ഇപ്പോൾ ഗവണ്മെൻറ് അംഗീകരി ച്ചിരിക്കുന്നത്. കഴിഞ്ഞകൊല്ലം ₹൨൦൦൦൦ രൂപായാണ് ഇതി ലേക്ക ബഡ്ജററിൽ കൊള്ളിച്ചിരുന്നത്. ഇക്കൊല്ലം ₹൩൫൨൫൦ രൂപാ ഇതിലേക്ക് നീക്കിവച്ചിട്ടുണ്ട്. കഴിഞ്ഞകൊല്ലത്തേക്കാൾ ൫൦൦൦൦-ൽ പരം രൂപാ കൂടുതൽ ഇക്കൊല്ലം അനുവദിച്ചിട്ടുണ്ടെന്നു

LIBRARY ARCHIVES Kerala Legislative Assembly

ഇതുകൊണ്ടു കാണാൻ കഴിയും. ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടാൽ, ഇനിയും കൂടുതൽ തുക അനുവദിക്കുവാൻ ഗവണ്മെൻറ് തയ്യാറാണ്. എന്നാൽ അനുവദിക്കുന്ന തുക ജനങ്ങൾക്ക് ഉപകാരപ്രദമായി തീരണമെന്നുള്ളതാണ് ഗവണ്മെൻറിന്റെ ആഗ്രഹം.

MR. K. A. MATHEW: ഇക്കൊല്ലം കൂടുതലായി അനുവദിച്ചിട്ടുള്ള തുകയിൽ നിന്ന് ഗ്രാൻറിനായി മാത്രം എത്ര രൂപാ കൂടുതൽ നീക്കിവച്ചിട്ടുണ്ട്?

MR. C. P. GOPALA PANICKAR: ൪൦൦൦ രൂപാ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞകൊല്ലത്തിൽ ഫണ്ടൻ വൈദ്യശാലകൾക്കാണ് ഗ്രാൻറു നൽകിയിരുന്നതു്. ഇക്കൊല്ലം ആ സംഖ്യ ൬൫൪ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

MR. M. K. NILAKANTAN: വിഷവൈദ്യശാലകൾക്ക് കൂടുതൽ ഗ്രാൻറു നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ?

MR. C. P GOPALA PANICKAR: അതിൽ ഒരു വിഷമമുണ്ട്. കൂടുതൽ വിഷവൈദ്യശാലകൾ സ്ഥാപിക്കുന്നതിന് യോഗ്യതയും, പരിചയവുമുള്ള വൈദ്യന്മാരെ സുലഭമായി കിട്ടുന്നില്ല. അതുകൊണ്ട് ആയിവേളകലാനിധി പാസ്സായവരെ തന്നെ വിഷവൈദ്യവും കൂടി അഭ്യസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതികൂടി ഇപ്പോൾ നടപ്പിൽ വരുത്തിയിട്ടുണ്ട്.

MR. K. R. NARAYANAN: വിഷവൈദ്യവിശാരദ എന്ന പരീക്ഷ ഗവണ്മെൻറ് അംഗീകരിച്ചിട്ടുള്ളതല്ലേ?

MR. C. P. GOPALA PANICKAR: അതെ എന്നാൽ അവരുടെ പഠിത്തം പോരാ എന്നു വിചാരിച്ച്, വിഷവൈദ്യവിശാരദ പരീക്ഷ ജയിച്ചവർക്കു കൂടി ആറുമാസത്തെ കോഴ്സു കൊടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

MR. PULIYOOR T. P. VELAYUDHAN PILLAI: വിഷചികിത്സയ്ക്കു പ്രായോഗികപരിശീലനം നൽകുന്നതിന് ഗവണ്മെൻറു തീരുമാനിച്ചിട്ടുണ്ടല്ലൊ. പാമ്പുകടി കൂടുതലുള്ള ഉൾനാടുകളിൽ ഇരിന്ന് വേണ്ട പരിശീലനം നൽകുന്നതല്ലേ നല്ലതു്?

MR. C. P. GOPALA PANICKAR: ഏറ്റവും നല്ല പരിശീലനം കൊടുക്കണമെന്നുള്ളതാണ് ഗവണ്മെൻറിന്റെ നയം. അതുകൊണ്ട് ഉൾനാടുകളിൽ വിഷചികിത്സ നടത്തി തഴക്കവും, പഴക്കവും സിദ്ധിച്ചിട്ടുള്ള വിഷവൈദ്യന്മാരെയാണ് പരിശീലനം നൽകുവാൻ ഏർപ്പെടുത്തിയിട്ടുള്ളതു്. ഇപ്പോൾ ൫൦ കുട്ടികൾക്ക് പരിശീലനം നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. R. NARAYANAN : വൈദ്യകലാനിധി പരീക്ഷയിൽ കൂടി വിഷചികിത്സയ്ക്കും പരിശീലനം നൽകുന്നതല്ലേ കൂടുതൽ നല്ലതു ?

MR. C. P. GOPALA PANICKAR : ഓരോ വിഷയത്തിലും പ്രത്യേകം താല്പര്യവും, വാസനയും ഉള്ളവർക്ക് ആ വിഷയങ്ങളിൽ പരിശീലനം കൊടുക്കുവാനാണ് ഗവണ്മെൻറ് നിശ്ചയിച്ചിരിക്കുന്നതു്. അതുകൊണ്ടു് ആയുർവേദ കലാനിധി പരീക്ഷ പാസ്സായവർക്കും ആറുമാസത്തെ പരിശീലനം കൂടി നടത്തിയാൽ വിഷവൈദ്യനാകാൻ സൗകര്യമുണ്ടു്.

MR. P. K. KURIAKOSE : ഇപ്പോൾ ഗ്രാൻറ് കൊടുക്കുന്ന വിഷവൈദ്യശാല എത്രയുണ്ടു്.

MR. C. P. GOPALA PANICKAR : ഇപ്പോൾ പച്ച എണ്ണത്തിന് ഗ്രാൻറ് നൽകുന്നുണ്ടു്. കൂടുതൽ വൈദ്യശാലകൾ ഉണ്ടായാൽ കൂടുതൽ കൊടുക്കുകയും ചെയ്യും.

MR. K. R NARAYANAN : കഴിഞ്ഞകൊല്ലം എത്ര വൈദ്യശാലകൾക്ക് ഗ്രാൻറ് കൊടുത്തു ?

MR. C. P. GOPALA PANICKAR : അതു് അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു് നോക്കിയാലറിയാം.

MR. K K. MADHAVAN : കൊതുകിനെ കൊല്ലുന്നതിനു് എളുപ്പമുള്ള ചില വിദ്യകൾ കണ്ടുപിടിച്ചിട്ടുള്ളതുപോലെ, പാമ്പിനെ കൊല്ലാൻ വല്ല പുതിയ വിദ്യയും കണ്ടുപിടിച്ചിട്ടുണ്ടോ ?

MR. C. P. GOPALA PANICKAR : എവിടെയോ, എങ്ങോ അതിനു് എന്തോ ഒരു വിദ്യ കണ്ടുപിടിച്ചിട്ടുള്ളതായി അദ്ധ്യക്ഷന്മാർകൾ പ്രസ്താവിക്കുകയുണ്ടായി. അതു് ഉപയോഗപ്രദമാണെന്നു് തെളിയുന്നതുവരെ തൽക്കാലം അതിലേക്കു് പണം ചെലവുചെയ്യാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നില്ല.

എല്ലായിടത്തും തയ്യാറാക്കുന്ന മരുന്നു് ഒരേ രീതിയിലിരിക്കുന്നില്ല എന്നുള്ളതാണു് പിന്നെ ഒരു ദുഃഖമുള്ളതു്. ഓരോ മരുന്നും, ഓരോരുത്തർ, ഓരോവിധത്തിൽ പാകപ്പെടുത്തി എടുക്കുന്നതുകൊണ്ടാണു് ഈ കുഴപ്പം ഉണ്ടാകുന്നതു്. ഇതിലേക്കും ചില പരിഹാരമാർഗ്ഗങ്ങൾ കൈക്കൊള്ളുവാൻ ഗവണ്മെൻറ് തീരുമാനിച്ചിരിക്കുന്നു. മരുന്നുകളുടെ സ്റ്റാൻഡേർഡ് ഇന്നതെല്ലാമായിരിക്കണമെന്നു് യൂണിവേഴ്സിറ്റി റിസർച്ച് ഡിപ്പാർട്ടുമെൻറുമായി ആലോചിച്ചു് വ്യവസ്ഥചെയ്യുകയും അതനുസരിച്ചു് ആയുർവേദഫാർമസിയിൽ മരുന്നുകൾ തയ്യാറാക്കുകയും ചെയ്യുക എന്നതാണു് ഇതിൻറെ ആദ്യത്തെ നടപടി. ഇതിലേക്ക് ഒരു പുസ്തക

LIBRARY ARCHIVES Kerala Legislative Assembly

മെഴുതണമെന്നും തിരുമാനിച്ചിട്ടുണ്ട്. അതിന് ബൊട്ടാണിക്കൽ അസി സ്റ്റന്റിനേയും, ആയുർവേദ ഡയറക്ടരേയും പ്രത്യേകം ചുമതലപ്പെടുത്തുന്നുണ്ട്. പുസ്തകം എഴുതി തീർന്നാലുടൻ അതു് അച്ചടിച്ചു് ജനതാമദ്ധ്യത്തിൽ വിതരണം ചെയ്യുന്നതാണു്. അപ്പോൾ എല്ലാ വൈദ്യന്മാർക്കും മരുന്നുകൾ പാകംചെയ്യേണ്ട വിധത്തെപ്പറ്റി ക്രമീകൃതമായ ഒരു രീതി അനുവർത്തിക്കുവാൻ കഴിയും.

അടുത്തതായി ഇൻസ്പെക്ഷനെപ്പറ്റിയാണു് എനിക്കു പറയുവാനുള്ളതു്. അതു് കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ ഗവണ്മെന്റ് നടത്തുന്നുണ്ടു്. അതിലേക്കു ഇപ്പോൾ ഒരു ഇൻസ്പെക്ടരുണ്ടു്. ആയുർവേദ ഡയറക്ടരുണ്ടു്. രണ്ടുപേരും വൈദ്യശാലകൾ പരിശോധിച്ചു് റിപ്പോർട്ടുകൾ ഗവണ്മെൻറിലേക്കു അയച്ചിട്ടുണ്ടു്.

MR. K. A. MATHEW : ഇപ്പോഴത്തെ ആയുർവേദ ഡയറക്ടർ അലോപ്പതി കമ്പൗണ്ഡിഫിക്കേഷനുള്ള ഒരാളല്ലേ ?

MR C P. GOPALA PANICKAR : അദ്ദേഹത്തെ ഈ ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനായി കിട്ടിയതു് ഒരു വലിയ ഭാഗ്യമായിട്ടുവേണം കരുതുവാൻ.

MR. K. A. MATHEW : ഭാഗ്യത്തെപ്പറ്റിയല്ല ഞാൻ പറഞ്ഞതു്.

PRESIDENT : This gentleman is conceded by Ayurvéda physicians some of whom I have consulted as a great authority on Ayurveda.

MR C. P. GOPALA PANICKAR : ചില മെമ്പറന്മാർ ആയുർവ്വേദ ഫാർമസിയെപ്പറ്റി പറയുകയുണ്ടായി. യുദ്ധപരിതഃസ്ഥിതിമൂലം മറ്റു ഡിപ്പാർട്ടുമെൻറുകൾക്കു നേരിടുന്ന വിഷമം ഈ വകുപ്പിനേയും ബാധിച്ചിട്ടുണ്ടു്.

MR. V. S. KRISHNA PILLAI : May I know whether he is equally qualified in Sidhavaidiya?

PRESIDEND : I do not think there is anyboody qualified in Sidhavadya.

MR. C. P. GOPALA PANICKAR : കൂടുതൽ മരുന്നു കിട്ടുന്നതിനും കൂടുതൽ ഉപകരണങ്ങൾ കിട്ടുന്നതിനും യുദ്ധപരിതഃസ്ഥിതി മൂലം ഗവണ്മെൻറിനു വിഷമം ഉണ്ടാകുന്നുണ്ടു്. എന്നാലും സാധിക്കാവുന്നിടത്തോളം കാര്യക്ഷമമായ രീതിയിൽ ഈ വകുപ്പിൻറെ പ്രവർത്തനം കൊണ്ടുപോകണമെന്നു ഗവണ്മെൻറു ആയുർവ്വേദ ഡയറക്ടർ അവർകൾക്കു് നിർദ്ദേശം നൽകിയിട്ടുണ്ടു്. അതനുസരിച്ചു് അദ്ദേഹം പ്രവർത്തിക്കുമെന്നു ഗവണ്മെൻറു പ്രതീക്ഷിക്കുകയും ചെയ്യുന്നു.

MR. M. K. NILAKANTAN : മലമ്പനിക്കു് ആയുർവ്വേദ ചികിത്സ വളരെ പ്രയോജനകരമാണെന്നു പറയുന്നുണ്ടല്ലോ. അതു് വാസ്തവമാണോ ?

LIBRARY ARCHIVES Kerala Legislative Assembly

MR. C. P. GOPALA PANICKAR: മലമ്പനിക്ക് ആയുർവ്വേദചികിത്സ കൊള്ളാമെന്ന് ചിലർ അഭിപ്രായപ്പെട്ടു. കഴിഞ്ഞകൊല്ലം നെയ്യാറിന്കരയുള്ള ഉൗരുട്ടമ്പലത്തു് ചികിത്സ പരിശോധിച്ചുനോക്കിയതിൽ ഗുണമുള്ളതായി കണ്ടു. പൊതുവെ ഈ കാര്യത്തിൽ ഗവണ്മെൻറിന്റെ ശ്രദ്ധ പതിഞ്ഞുകഴിഞ്ഞിട്ടുണ്ടു്. മേലാൽ പതിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യും.

MR. T. T. KESAVAN SASTRI: സചിവോത്തമപുരത്തു് ഒരു വൈദ്യശാല സ്ഥാപിക്കുന്ന കാര്യത്തെപ്പറ്റിപ്പറഞ്ഞു. അതിനെപ്പറ്റി അനുക്രമമായി തീരുമാനിക്കണമെന്നു് ഡയറക്ടർ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്. അതിനെപ്പറ്റി പര്യാലോചിച്ചു് വേണ്ട ഉത്തരവു താമസിയാതെ പുറപ്പെടുവിക്കുന്നതാണു്. മി. ഭട്ടതിരി, ബൊട്ടാണിക്കൽ റിസർച്ചുസ്കീമിനെ സംബന്ധിച്ചു പരാമർശിക്കുകയുണ്ടായി. അതിനെപ്പറ്റിയുള്ള ആലോചനകൾ നടത്തിക്കൊണ്ടിരിക്കുകയാണു് ചില മെമ്പറന്മാർ ഇപ്പോൾ നടത്തിവരുന്ന പരിശോധന മതിയാകുന്നില്ല എന്നു് അഭിപ്രായപ്പെടുകയുണ്ടായി. ഇതിനെപ്പറ്റി ഞാൻ മുൻപുതന്നെ ഉത്തരം പറഞ്ഞുകഴിഞ്ഞു. സൂപ്പർവിഷൻ സംബന്ധിച്ചു്, ഡിപ്പാർട്ടുമെൻറു വലിയ അശ്രദ്ധ കാണിക്കുൻവെന്നു് ഗവണ്മെൻറിനു് ബോദ്ധ്യമില്ല. വേണമെന്നു തോന്നിയാൽ അതെപ്പറ്റി കൂടുതലായി ശ്രദ്ധിച്ചുകൊള്ളാം.

MR. K. A. MATHEW: മലേറിയ പടർന്നു പിടിച്ചിരിക്കുന്ന റാന്നി, മുതലായ സ്ഥലങ്ങളിൽ ആയുർവ്വേദ ആശുപത്രികൾ സ്ഥാപിച്ചു തരുമോ?

MR. C. P. GOPALA PANICKAR: അവിടെ ജനങ്ങൾക്കു് അലോപ്പതി സമ്പ്രദായത്തിലാണു് കൂടുതൽ വിശ്വാസമുള്ളതു്. ആയുർവ്വേദ വൈദ്യപ്രകാരമുള്ള ചികിൽസയിൽ അവർക്കു് അത്ര വലിയ വിശ്വാസമില്ല. കൊയിനാ ഉപയോഗിച്ചാലാണു് മലമ്പനി എളുപ്പം ഭേദമാകുന്നതെന്നു് അവർ വിശ്വസിക്കുന്നതുകൊണ്ടു് അതിനുള്ള ഏർപ്പാടുകളാണു് അവിടെ ചെയ്തിരിക്കുന്നതു്.

MR. P. S. NATARAJA PILLAI: നെയ്യാറ്റിങ്കര, ഉൗരുട്ടമ്പലം, മുതലായ സ്ഥലങ്ങളിൽ ആയുർവേദ ചികിൽസാ സംപ്രദായം വളരെ ഫലപ്രദമായിട്ടുണ്ടെന്നു് മെമ്പർ പറഞ്ഞല്ലോ. ആ നിലയ്ക്കു മലമ്പനി നിവാരണത്തിനു് കൂടുതൽ ആയുർവേദ ആശുപത്രികൾ സ്ഥാപിക്കുന്നതിൽ എന്തൊരു ചിത്യമാണുള്ളതു് ?

MR. C. P. GOPALA PANICKAR: ആ കാര്യത്തിൽ ധാരാളം അഭിപ്രായ വ്യത്യാസമുണ്ടായിട്ടുണ്ടു്. അതുകൊണ്ടു് പിന്നീടു കൂടുതൽ ആയുർവ്വേദ ആശുപത്രികൾ സ്ഥാപിക്കുന്നതിനു് ഗവണ്മെൻറു് തുനിഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly

The question that Government be granted a sum of Rs. 1,56,850 under Demand XXV—Ayurveda—was put and carried.

The Demand was passed and the grant was made.

DEMAND XXVI—PUBLIC HEALTH AND SANITATION.

RAJYASEVANIRATA DR. M. K. GOPALA PILLAI: Sir, I rise to move for a grant of Rs. 5,35,844 under Demand XXVI—Public Health and Sanitation.

MR. S. SANKARANARAYANAN TAMPI: Moved motion No. 542—

"To reduce the allotment of Rs. 28,123 for Direction by Re 1.

MR. S. SANKARANARAYANAN TAMPI: In moving this cut motion I may first of all submit that the question is one of vital importance. The National well-being of a country is ordinarily judged on the criterion of the health of the citizens of the State. Judged from that standard, one cannot be so optimistic of the well-being of the State of Travancore. The department of Public Health has been functioning in the State for a long time and it is regrettable that up till now the Public Health department has not submitted any suggestions to Government to take a Public Health survey. In all civilised countries, the best attention is devoted upon taking a survey of Public Health of the country and also to see that proper measures or steps are taken to remedy the evils that are found to exist when the survey is taken. Sir, in America'— of course "I do not want to travel to foreign countries" and waste the time of the house—But still I may point out to this house that in America, Russia, France, England and other countries a periodical survey of Public Health is taken just to know what are the primary difficulties that the State experience in the matter of looking after the health of the ordinary citizens of the State. The only time when Public Health survey was taken in India was in 1921 when a commission went into the whole question and submitted a report to the Government of India. That report reveals very appalling features so far as the Public Health of India as a whole is concerned and particularly it is a very sad thing to note that South India is the place which is most under-fed and under-nourished. There may be announcements made on behalf of Government that all is well with the citizens of the State. But we, as representatives of the people, have been moving among the masses and, as a matter of fact, we know that the conditions of Public Health prevailing in Travancore is not one which could be viewed with any amount of optimism. On the other hand, it is a thing which has to be viewed with great concern and alarm by every one who knows the real state of affairs.

Sir, I shall point out a few instances in which the attention of the Government is urgently needed. One is the prevalence of venereal diseases in the State. I have been consulting very many private practitioners and they say that on an average, out of 100 patients that they treat, more than 75 have venereal diseases.

MR. C. P. GOPALA PANICKAR: May I inform the honourable member that a doctor has been sent for special training in this line and he is expected to return very shortly.

LIBRARY ARCHIVES Kerala Legislative Assembly